# Cyber Pearls

little KITEs

Alphonsa High School Vakakkad






little KITEs

# Cyber Pearls

DIGITAL MAGAZINE 2019-20

*Published by: Headmistress, Alphonsa High School Vakakkad, Moonilavu PO, Pin-686586*
*Ph:04822 286698, Mob:9744395846, e-mail: alphonsaghs@gmail.com*

*Prepared by: Little KITEs Unit, Reg. No. LK 31074/2018, Pala Educational District*


BIBLE



REV . Fr .James Kudilil

Our Manager



**Sr. Tess F C C**

**Our Headmisters**



**Manu K Jose**

**Little KITEs Master**

***Julia Augustine***

**Little KITEs Mistress**



# *Message*

***Today the world is at our finger control. In the wake of this new digital era the students of Little Kites have brought to us a Digital Magazine, that subsumes the literal and artistic collection.***

***I am so glad to extend my greetings and blessings for this digital creation. Science world is ever expanding and ever changing since our students are also well updated and upgraded along with this speedy flux.***

***I congratulate the Little Kite Masters, Sri. Manu K Jose and Smt. Julia Augustine who has been rendering their priceless help to the students all these while. Last but not least I wish all my colleagues and students, may God Almighty's grace follow you. My dear students, the world is becoming bigger than ever before. So I remind you that, you have to seek out the good aspects that may be hidden somewhere in order to make a better world.***

***Sr.Tess FCC***

***Headmistress***

## എഡിറ്റോറിയൽ

ഇത് സൈബർ ലോകമാണ്......

സ്വപ്നങ്ങളെ വിരൽ തുമ്പിലാക്കുന്ന പുതു തലമുറ.........

മാധ്യമ രംഗത്തെ ഗോവണികളുടെ എണ്ണം നാൾക്കുനാൾ

വർധിച്ചുകൊണ്ടിരിക്കുകയാണ്.അവ

നന്മയാകണം......നല്ലതിലേക്കാകണം.......

ഇന്നത്തെ വിവരവിനിമയ സാങ്കേതിക വിദ്യയെക്കുറിച്ച് കുട്ടികൾക്ക്

അറിവ് പകരാൻ സഹായകമാണ് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ

ഐ ടി ക്ലബ്ബ്. നമ്മുടെ യുവ തലമുറയുടെ കഴിവുകൾ

വളർത്തിയെടുക്കാം.എല്ലാവർക്കും സന്തോഷവും ഒപ്പം ച്ന്താശേഷിയും

നല്കുന്ന രചനകൾ കോർത്തിണക്കി നിങ്ങൾക്കു മുമ്പിൽ

അവതരിപ്പിക്കുന്നു.

നമുക്കൊന്നായി കൈകോർത്ത് കുതിച്ചുയരാം.........

പുതിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ...................

സൈബർ പേൾസ് ന്റെ മുഴുവൻ പ്രവർത്തനങ്ങളും ടൈപ്പിങ്ങ്

എഡിറ്റിങ്ങ് ലേ ഔട്ട് ഡിസൈലിങ്ങ് തുടങ്ങിയവയിലെല്ലാം ലിറ്റിൽ

കൈറ്റ്സ് അംഗങ്ങൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു.

എഡിറ്റർ.

# ഉള്ളടക്കം


| | |
|---|---|
| 12 | അൽഫോൻസാ ഹൈസ്കൂൾ  വാകക്കാട് |
| 14 | ലിറ്റിൽ കൈറ്റ്സ്  വാർഷിക റിപ്പോർട്ട് |
| 32 | A Matter of Students Learning Styles |
| 36 | Editorial Board |
| 37 | Our Promoters |
| 38 | നമ്മുടെ ഭാരതം |
| 39 | ക്രിക്കറ്റ് കോർണർ |
| 40 | The Brave Boy and the Gaint |
| 41 | വിയർക്കുന്ന പ്രകൃതി |
| 42 | എന്തു സുന്ദരമീ ജീവിതം |
| 43 | മടിയനായ ഇക്കു |
| 43 | നമുക്കീ വേളയിൽ |
| 44 | പഴമൊഴി മുത്തുകൾ |
| 45 | സൗഹൃദം |
| 46 | തണുത്ത ക്രിസ്മസ് രാത്രി |
| 47 | എന്റെ വിദ്യാലയം |
| 48 | പൂവേ നിനക്കായി |
| 49 | ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ |
| 50 | അമ്മ എന്ന പ്രപഞ്ചപോരാളി |
| 51 | Get Adventurous |
| 52 | നിഴൽ |
| 53 | The Real Friend |

| | |
|---|---|
| 54 | ദാരിദ്രത്തിന്റെ നാളുകൾ |
| 55 | മഴ |
| 56 | കസൃതികളുടെ വികൃതികൾ |
| 57 | Dangers of Drug Abuse |
| 58 | ദാരിദ്രത്തിൻ ലോകം |
| 59 | The Value of Friendship |
| 60 | അസ്തമിക്കാത്ത വിജയ സൂര്യൻ |
| 61 | നമ്മുടെ കേരളം |
| 62 | PUZZLE |
| 63 | ചങ്ങായിമാർ |
| 64 | എന്റെ ഗുരുനാഥന് |
| 65 | വിദ്യാഭ്യാസവും വിവരസാങ്കേതിക വിദ്യയും |
| 66 | നന്ദനം |
| 67 | Pearls of Wisdom |
| 68 | നമ്മുടെ ഭൂമി |
| 69 | ചെമ്മാനം പൂക്കുമ്പോൾ... |
| 70 | പ്രകൃതിയും പരിസ്ഥിതി പ്രശ്നങ്ങളും |
| 70 | നമ്മുടെ ഇന്ത്യ |
| 71 | പ്രകൃതി |
| 71 | പൂക്കാലം വരവായി |
| 72 | MY MOTHER |
| 72 | എവിടെ നിങ്ങൾ ? |

73 പ്രഭാതത്തിലെ കാഴ്ചകൾ

74 ഒരമ്മയുടെ സ്വപ്നം

75 *Thought of a Little Rose*

76 ഒരാത്മവിന്റെ നിഴലുകൾ

77 നാകലോകം

78 ഏഴ് കൂട്ടുകാർ

79 മടിയുടെ ഫലം

80 *Beautiful Moments in My Life*

81 *My Teacher*

82 തളരുന്ന കൃഷിയും കിതക്കുന്ന കേരളവും

84 *Father of the compute*

85 മിൽക്ക് ചോക്ലേറ്റ് ഉണ്ടാക്കിയാലോ ?

86 നന്ദിയോടെ.....



# അൽഫോൻസ ഹൈസ്കൂൾ വാകക്കാട്

വാകക്കാടിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ ചിരകാല അഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്ന വാകക്കാട് അൽഫോൻസാ ഗേൾസ് ഹൈസ്കൂൾ. 1924 ൽ വാകക്കാട് സെന്റ് പോൾ സ് എൽ പി സ്കൂൾ ആരംഭിച്ചു. ഈ സ്കൂളിനായി പുതിയ കെട്ടിടം 1942 ൽ അന്നത്തെ മാനേജരായിരുന്ന ബ. കര്യാക്കോസ് മുതുക്കാട്ടിൽ അച്ചൻ പണികഴിപ്പിച്ചു. അതാണിപ്പോഴത്തെ അൽ ഫോൻസാ ഗേൾസ് ഹൈസ്കൂളിന്റെ പ്രധാന കെട്ടിടം. വിശുദ്ധ അൽഫോൻസാമ്മ പഠിപ്പിച്ച ഏക വിദ്ധ്യാലയവും ഇതു തന്നെ.

വലിയകുമാര മംഗലം വാകക്കാടിന്റെ കുരിശുപള്ളി ആയിരിക്കുമ്പോൾ 1951 ൽ അന്നത്തെ മാനേജരായിരുന്ന റവ. ഫാ. മാത്യൂവരകിൽപറമ്പിലിന്റെ ശ്രമഫലമായി വലിയ കുമാരമംഗലത്ത് ഒരു യൂപി സ്കൂൾ അനുവദിച്ചുകിട്ടി. സെന്റ് പോൾസ് യൂ പി സ്കൂളിന്റെ ആദ്യഹെഡ്മാസ്റ്റർ റിട്ട. റവ . ഫാ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി ആയിരുന്നു.

1953 ൽ യൂ പീ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. വലിയകുമാരമംഗലം കുരിശുപള്ളിയും സ്ഥാപനങ്ങളും ഈ കാലയളവിൽ സീ. എം .ഐ.ക്കാരെ ഏൽപ്പിക്കുകയും ഫാ . ബൽത്താസർ സീ .എം .ഐ സെന്റ് പോൾസ് ഹൈസ്കൂളിലെ ആദ്യ ഹെഡ്മാസ്റ്ററായി നിയമിതനായി. ഈ കാലയളവിൽ ഗേൾസ് സെക്ഷൻ വാകക്കാട്ടേക്കു മാറ്റുകയുണ്ടായി. ഈ സ്കൂളിന് തുടർച്ചയായി എസ് .എൽ .സിക്ക് 100% കൈവരിക്കാൻ സാധിക്കുന്നുണ്ട്. എംപീ ഫണ്ടിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച മൾട്ടീ മീഡിയ റൂമിന്റെ ഉദ്ഘാടനം നവംബർ11-ാം തീയതി അഡ്വ. ജോയി എബ്രഹാം എംബീ നിർവഹിച്ചു. മുൻ ഹെഡ്മിസ്ട്രസ് സി. ഗ്രേസ് പോളിന്റെ ശ്രമഫലമായി പുതുതായി സ്മാർട്ട് ക്ലാസ് റൂം ആരംഭിച്ചു.

ഈ വർഷം പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ മാനേജ്മെന്റിന്റെ സഹകരണത്തോടെ ഹൈസ്കൂൾ വിഭാഗം ക്ലാസുകളെല്ലാം ഹൈടെക്ക് ക്ലാസ് മുറികളായി മാറിക്കഴിഞ്ഞു.




അഞ്ചുപതിറ്റാട്ടിന്റെ വിദ്യാദാന പ്രക്രിയയിലൂടെ ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഈ സരസ്വതീ ക്ഷേത്രത്തിന്റെ വളർച്ചയുടെ പാതയിലെ നാഴികക്കല്ലുകളാണ് 2002 ൽ മാനേജ്മെന്റിൽ നിന്നും സെറ്റ് ചെയ്തു നൽകിയ കമ്പ്യൂട്ടർ ലാബ് 2004 ൽ ആരംഭിച്ച പാരലൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ മുതലായവ. പാലാ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സ്കൗട്ട് &ഗൈഡിംങ് , ലിറ്റിൽ കൈറ്റ്സ്, ജൂണിയർ റെഡ്ക്രോസ് , പ്രീമിയർ സ്കൂൾ എന്നിവയിൽ പരിശീലനം നൽകുന്നു.ഇപ്പോഴത്തെ മാനേജർ ഫാ.ജെയിംസ് കുടിലിൽ കുട്ടിക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുതന്നുകൊണ്ട് സ്കൂളിന്റെ നന്മയ്ക്കായി അക്ഷീണം പ്രവർത്തിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് ക്ലബ് റിപ്പോർട്ട് 2019-20




## ലിറ്റിൽ കൈറ്റ്സിൽ തിളങ്ങി

## അൽഫോൻസാ എച്ച്.എസ് വാകക്കാട്

കോട്ടയം ജില്ലയിലെ മലയോര ഗ്രാമമായ വാകക്കാട് എന്ന സ്ഥലത്തേക്ക് ഐ.ടി യുടെ ഒരു അവാർഡ് ലിറ്റിൽ കൈറ്റ്സിലൂടെ എത്തിക്കാൻ കഴിഞ്ഞു എന്നതിൽ അൽഫോൻസാ ഹൈസ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും വളരെയധികം സന്തോഷത്തിലും അഭിമാനത്തിലുമാണ്. മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡുകളിൽ 2018-19 വർഷത്തെ കോട്ടയം ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള അംഗീകാരമാണ് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സ്വന്തമാക്കിയത്.

തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടന്ന അവാർഡ് വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക്ക് ആക്കി അന്താരാഷ്ട്ര

നിലവാരത്തിലേക്ക് ഉയർത്തികൊണ്ട് വരുമ്പോൾ കേരളജനത അത് രണ്ട് കൈയ്യും നീട്ടി സ്വീകരിച്ചു എന്നതിന്റെ തെളിവാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അഞ്ച് ലക്ഷത്തോളം കുട്ടികൾ പൊതുവിദ്യാലയത്തിലേക്ക് കൂടുതലായി എത്തിയത് എന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ അദ്ധ്യക്ഷത

വഹിച്ച വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് കേരളം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടത്തിനരികെയാണെന്നും അദ്ദേഹം പറഞ്ഞു. ആധുനിക വിദ്യാഭ്യാസം പുതിയതലമുറയ്ക്ക് എങ്ങനെ നല്കണമെന്നതിന് മാതൃകയാണ് കേരളം എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡുകളിൽ കോട്ടയം ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള ട്രോഫിയും 25000 രൂപ ക്യാഷ് അവാർഡും വിദ്യാഭ്യാസമന്ത്രിയിൽ നിന്നും സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രതിനിധികൾ ഏറ്റുവാങ്ങി.






വിശുദ്ധ അൽഫോൻസാമ്മ അധ്യാപികയായിരുന്ന ഈ സ്കൂളിൽ നിന്നും ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ വിശുദ്ധ അധ്യാപിക എന്ന ഷോർട്ട് ഫിലിം ഇതിനോടകം തന്നെ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. മൂന്നിലവ് ഗ്രാമപഞ്ചായത്ത് ഗവ. ഹോസ്പിറ്റലിലും ഇടമറുക് ഗ്രാമത്തിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ജീവിതശൈലി

രോഗങ്ങളെ കുറിച്ച് എടുത്ത ക്ലാസ്സ് ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായി. വിവരവിനിമയസാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇന്നത്തെ കാലത്ത് പാഠ്യപാഠ്യേതരപ്രക്രിയകളിൽ വലിയ പങ്ക് വഹിക്കാനാകും എന്ന ബോധ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് വാകക്കാട് അൽഫോൻസാ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. കൂടാതെ മലയാളം ടൈപിംങ്, ഐ.ടി ക്വിസ്, വെബ്ഡിസൈനിംങ് എന്നിവയിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മറ്റു കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. പകർച്ചവ്യാധികൾ പകരാതിരിക്കുന്നതിന് സ്കൂളും,വീടും,പരിസരവും വൃത്തിയായിസൂക്ഷിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രത്യേകംശ്രദ്ധിക്കുന്നു.



പ്ലാസ്റ്റിക്ക് കൂടുകളും,കുപ്പികളും തുടങ്ങിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പരിസരങ്ങളിലേക്ക് പുറം തള്ളുന്നത് നിരുൽസാഹപ്പെടുബത്തുന്നതിനായി ബോധവൽക്കരണം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുനടപ്പിലാക്കി.

സമൂഹത്തിലുണ്ടാവുന്ന ഈ-മാലിന്യങ്ങളെ പറ്റിയും അവയുടെ ദൂഷ്യഫലങ്ങളെ പറ്റിയും അവ എങ്ങനെ സംസ്കരിക്കണമെന്നും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ബോധവൽക്കരണം നടത്തി. പ്രളയകാലത്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പ്രളയദുരിതർക്കായി ആവശ്യസാധനങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിൽ മുൻനിരയിൽ ഉണ്ടായിരുന്നു.കുട്ടികളുടെ ഇൻറ്റർനെറ്റ് ഉപയോഗത്തിൽ മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കക്ക് ബോധവൽ ക്കരണ ക്ലാസ്സ് നടത്തികൊണ്ടിരിക്കുന്നു. സഹപാഠികളുടെ ആവശ്യങ്ങളറിഞ്ഞ് അവർക്ക് വേണ്ട സഹായം ചെയ്യുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെല്ലാം പ്രത്യേകം താല്പ്പര്യം കാണിക്കുന്നു. മാതാപിതാക്കളുടെ രോഗചികിൽസക്കും വീടുപണിക്കുമൊക്കെ സാമ്പത്തികമായും പറ്റുന്ന സഹായം ചെയ്തുകൊടുക്കുന്നു.

കഴിഞ്ഞവർഷത്തെ അവാർഡിനർഹമായ പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം ഈ വർഷവും പുതിയ പ്രവർത്തനങ്ങളുമായി ലിറ്റിൽ കൈറ്റ്സ് സജീവമായി പ്രവർത്തിക്കുന്നു.

# കോൾ ടു ഗുഡ് ലൈഫ് (മെഗാകാമ്പയിൻ )



2019 ജൂൺ മാസത്തിൽ തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേയ്ക്ക് എന്ന ലക്ഷ്യവുമായി വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികൾ നടപ്പിലാക്കുന്ന കോൾ ടു ഗുഡ് ലൈഫ് എന്ന മെഗാകാമ്പയിൻ പദ്ധതി സി എസ് ഐ ഈസ്റ്റ് കേരള മഹായിടവക ബിഷപ്പ് റൈറ്റ് റവ.വി. എസ് ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. ഹൃദയങ്ങളിൽ നന്മയുടെ വിത്തുവിതയ്ക്കുന്നവരാകണം വിദ്യാർത്ഥികൾ എന്ന് അദ്ദേഹം പറയുകയുണ്ടായി. റവ.ഫാ.ജെയിംസ് കുടിലിൽ അദ്ധ്യക്ഷത വഹിച്ചു. പാലാ രൂപത എഡ്യുക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ ബെർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കോൾ ടു ഗുഡ് ലൈഫ് മെഗാകാമ്പയിന്റെ ലോഗോ പ്രകാശനം ചെയ്തു. വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ,ലിറ്റിൽ കൈറ്റ്സിന്റെ സംയുക്താഭിമുഖ്യത്തിലാണ് കോൾ ടു ഗുഡ് ലൈഫ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. സ്കൂളിലെ കുട്ടികൾ തന്നെ മെഡിക്കൽസെന്ററുകളിലോ, പൊതുസ്ഥലങ്ങളിലോ,വീടുകളിലോ, ജനങ്ങളെ ഒരുമിച്ചുകൂട്ടി മൾട്ടീ മീഡിയ

പ്രസന്റേഷനോടുകൂടി നടത്തുന്ന ദൃശ്യാവിഷ്കരണ ബോധവൽക്കരണ പരിപാടിയാണ് ക്യാമ്പയനിന്റെ പ്രത്യേകത. ലഹരി വിരുദ്ധ, പ്ലാസ്റ്റിക്ക് രഹിത, രോഗവിമുക്ത, പ്രകൃത്യാനുകൂല സമൂഹസൃഷ്ടിക്ക് വേണ്ടിയുള്ള വിഭവങ്ങളും ക്യാമ്പയനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## സിംമ്പോസിയം



സിംഗപ്പൂർ ഗവൺമെന്റ് ബെസ്റ്റ് മെന്റർ അവാർഡും ക്യാനഡ റിസേർച്ച് ചെയർ ബഹുമതിയും കരസ്ഥമാക്കിയ ക്യാനഡ മക്ഗിൽ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ആന്റ് റിസേർച്ച് ഗൈഡ് ഡോ.സജി ജോർജ്ജ് വരുന്ന തലമുറയ്ക്ക് ദോഷകരമല്ലാത്ത രീതിയിൽ വേണം ടെക്നോളജി ഉപയോഗിക്കേണ്ടത് എന്ന് കുട്ടികളെ ബോധവൽക്കരിച്ചു. പരിസ്ഥിതി മലിനീകരണം മൂലം വായുവിലുണ്ടാകുന്ന വിഷാംശങ്ങളെക്കുറിച്ചും ഇത് മനുഷ്യശരീരത്തിലെ അവയവങ്ങളെ എപ്രകാരം ബാധിക്കുമെന്നും മൾട്ടിമീഡിയ പ്രസന്റേഷനോടുകൂടി അദ്ദേഹം കുട്ടികളെ ബോധവാൻമാരാക്കി. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബാണ് സിംമ്പോസിയം ഓർഗനൈസ് ചെയ്തത്.

## സ്ക്രീൻ ടൈം



മൊബൈൽ, ലാപ്പ്ടോപ്പ്, കമ്പ്യൂട്ടർ, ടീവി തുടങ്ങിയ സ്ക്രീനുകളിലേക്ക് നോക്കിയിരിക്കുന്ന സമയം കുറയ്ക്കുന്നതിനുള്ള ബോധവത്ക്കരണക്ലാസ്സുകൾ മൾട്ടിമീഡിയ പ്രസന്റേഷനോടുകൂടി ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികൾ മാതാപിതാക്കൾക്കും കുട്ടികൾക്കും സംഘടിപ്പിച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം സ്ക്രീൻ ടൈം കൂടിയതുകൊണ്ട്

കണ്ണിന് ക്യാൻസർ പോലെയുള്ള പലവിധ രോഗങ്ങൾ വർധിച്ചുവരുന്നത് തടയുന്നതിനാണ് ഞങ്ങളിത് സംഘടിപ്പിച്ചത്.

**ഈ വഴി തെറ്റാതെ കാക്കാം**

"ഈ വഴി തെറ്റാതെ കാക്കാം "എന്ന പ്രോഗ്രാം വഴിയായി മൊബൈൽ ,ഇന്റർനെറ്റ് എന്നിവ കുട്ടികൾ ഉപയോഗിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് ഞങ്ങൾ തന്നെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നടത്തി.




**സ്മാർട്ട് അമ്മ**

"സ്മാർട്ട് അമ്മ "എന്ന പ്രോഗ്രാം വഴിയായി അമ്മമാർക്ക് നടത്തിയ ഇൻഫർമേഷൻ ടെക്നോളജി ക്ലാസ്സുകൾ നമ്മുടെ അമ്മമാർക്ക് പുതിയ അറിവുകൾ കൊടുത്തു എന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

**മീനച്ചിലാറ്റിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്തു**



മീനച്ചിലാറ്റിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യാൻ തന്നെത്താനാവുന്ന പ്രയത്നവുമായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ രംഗത്തിറങ്ങി. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനുള്ള വിവിധതരം പദ്ധതികൾ സ്കൂളിൽ നടപ്പാക്കുന്നുണ്ട്.

### പേപ്പർ-വിത്തു പേന



പ്ലാസ്റ്റിക്ക് വിമുക്ത പ്രോഗ്രാം ഫലമായി ലിറ്റിൽ കൈറ്റ്സ് ക്ലബ് കുട്ടികൾ എല്ലാ കുട്ടികൾക്കും പേപ്പർ പേന വിതരണം ചെയ്തു. അതോടൊപ്പം ഒന്നോ രണ്ടോ വിത്തുകളും അതിൽ സൂക്ഷിച്ചിരുന്നു. പേനയുടെ ഉപയോഗശേഷം ഒന്നോ രണ്ടോ വൃക്ഷത്തൈകൾ അതിൽ നിന്നുണ്ടാകുമെന്ന പ്രത്യേകതയും ഇതിലുണ്ട്.

### വിരൽതുമ്പിലെ വിസ്മയത്തിന്റെ പൊരുൾതേടി സീഡ് ക്ലബ് കുട്ടികൾ

വിരൽതുമ്പിലെ വിസ്മയത്തിന്റെ പൊരുൾ തേടി വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ ലോകപ്രശസ്ത മജീഷ്യൻ പി.എം.മിത്രയുടെ വീട്ടിൽ ചെന്ന് സന്ദർശിച്ച് സംഭാഷണം നടത്തി. യുവതലമുറക്ക്



വളരെ മഹത്തായ സന്ദേശങ്ങളാണ് മാജിക്കിലൂടെ അദ്ദേഹം നൽ കിക്കൊണ്ടിരിക്കുന്നത്. ആത്മവിശ്വാസവും മനശക്തിയുമാണ്ഒരു മജീഷ്യന്റ വേണ്ട അടിസ്ഥാന ഗുണം എന്ന് അദ്ദേഹം പറഞ്ഞു. മാജിക്ക് എന്നാൽ കബളിപ്പിക്കലല്ല എന്നും മാജിക്കിന് ഒരു ധാർമികത ഉണ്ടെന്നും കാണികളെ രസിപ്പിക്കുക എന്നതാണ് മാജിക്കിന്റെ ലക്ഷ്യം എന്നും അദ്ദേഹം കൂട്ടിചേർത്തു. മാജിക്കിൽ കലയും ശാസ്ത്രവും ഗണിതവും അടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നമുക്കിഷ്ടപ്പെട്ട മേഖലയെ ഒരുപാട് സ്നേഹിക്കുക അതിനെസ്വപ്നം കാണുക നമ്മുടെ എല്ലാ പ്രവർത്തനവും അതിന് കൊടുക്കുക, ഇതിലൂടെ നാം ആഗ്രഹിക്കുന്ന മേഖലയിൽ നമുക്ക് ഉയരാനാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### ജങ്ക് ഫുഡ് ഉപേക്ഷിക്കൂ.. ആരോഗ്യം നിലനിർത്തൂ..



ആരോഗ്യത്തിന് ഹാനികരമായ ജങ്ക് ഫുഡ് ഉപേക്ഷിക്കുന്നതിനുള്ള ആഹ്വാനവുമായി ലിറ്റിൽ കൈറ്റ്സ് കുട്ടികൾ രംഗത്ത്. ക്യാമ്പയനിന്റെ ആദ്യഭാഗമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന തലത്തിൽ നടത്തിയ ടാലന്റ് ഹണ്ട് ശാസ്ത്രജാലകം ശിൽപ്പ ശാലയിലൂടെ ലഭിച്ച അറിവുകൾ ആദർശ്പി.രാജ്, ജ്യോതിക കെ.ആർ എന്നിവർ ശാസ്ത്രപരീക്ഷണങ്ങളുടെ അകമ്പടിയോടുകൂടി സഹപാഠികൾക്ക് അനുഭവദ്യമാക്കി കൊടുത്തു.

ഒരു വിധ പോഷക ഗുണവുമില്ലാത്ത രുചിക്ക് മാത്രം പ്രാധാന്യം നൽകിയിട്ടുള്ള ഭക്ഷണമാണ് ജങ്ക് ഫുഡ് എന്നും അമിതമായ കൊഴുപ്പ്, മധുരം, ഉപ്പ് തുടങ്ങിയവയൊക്കെ അടങ്ങിയ കലോറി കൂടുതലുള്ള ആഹാരങ്ങളാണിവയെന്നും ലിറ്റിൽ കൈറ്റ്സ് ക്ലബ് കുട്ടികൾ ബോധവത്ക്കരണം നടത്തി.

### ലിറ്റിൽ കൈറ്റ്സ് സെമിനാർ



ഈ വർഷത്തെ യൂത്ത് ഒ.എൻ.വി അവാർഡ് കരസ്ഥമാക്കിയ കുമാരി അനഘ ജെ കോലത്ത് മാതാപിതാക്കളോടും അദ്ധ്യാപകരോടുമുള്ള ആദരവുവഴി ലഭിക്കുന്ന അവരുടെ അനുഗ്രഹങ്ങൾ ഏതു പ്രവർത്തനങ്ങളിലും നമ്മോടൊപ്പം ഉണ്ടാകും എന്ന ആഹ്വാനം വഴി മാതാ-പിതാ-ഗുരു-ദൈവം എന്ന ആപ്തവാക്യം ഞങ്ങളിൽ ഊട്ടിഉറപ്പിച്ചു.



### കായിക വിദ്യാഭ്യാസവും വ്യായാമവും

അന്താരാഷ്ട്ര തലത്തിൽ റസ്ലിംങ് കോച്ചായ ശ്രീമതി ജാസ്മിൻ ജോർജ്ജ് കായിക വിദ്യാഭ്യാസത്തിന്റെയും ജീവിതത്തിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ലിറ്റിൽ കൈറ്റ്സ് ക്ലബ് കുട്ടികൾക്ക് നൽകിയ സന്ദേശം എടുത്തുപറയത്തക്കതാണ്.

# കോൾ ടു ഗുഡ് ലൈഫ് – രണ്ടാം ഘട്ടത്തിൽ

## പദ്ധതിയുമായി വീട്ടുകളിലേക്ക്




*സമൂഹത്തിൽ നന്മയുടെ നക്ഷത്രവിളക്കു തെളിക്കാൻ വാകക്കാട് അൽഫോൻസാ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ*

തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേക്ക് എന്ന ലക്ഷ്യവുമായി വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ കുട്ടികൾ തുടക്കം കുറിച്ച കോൾ ടു ഗുഡ് ലൈഫ് എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം സ്കൂൾ മാനേജർ ഫാ.ജെയിംസ് കുടിലിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ വച്ച് മഹാത്മഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലറും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസകമ്മീഷൻ അംഗവുമായ ഡോ.സിറിയക് തോമസ് ഉദ്ഘാടനം ചെയ്തു. മേലുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിഷ ജോസഫ് തുണി സഞ്ചി, സർവേ ഫോം എന്നിവയുടെ വിതരണം ഉദ്ഘാടനം ചെയ്തു. മേലുകാവ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെറ്റോ ജോസഫ്, മേലുകാവ് ഗ്രാമപഞ്ചായത്ത്

മെമ്പർ ജെസ്സി ബെന്നി, പി.ടി.എ. പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ്, ഹെഡ്മിസ്ട്രസ്സ് സി. റ്റെസ് , മനു കെ ജോസ്, മിൻസ പയസ് എന്നിവർ പ്രസംഗിച്ചു. സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും വീടുകളിലേക്ക് മാതാപിതാക്കളും കുട്ടികളും ചേർന്ന തയ്യാറാക്കിയ തുണി സഞ്ചികളും പേപ്പർ ക്യാരി ബാഗുകളും വിതരണം ചെയ്തു.

രണ്ടാം ഘട്ടത്തിൽ കുട്ടികൾ ആർജിച്ചെടുത്ത അറിവുകളും പ്രവർത്തനങ്ങളും തങ്ങൾ അധിവസിക്കുന്ന സമൂഹത്തിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം വച്ചിരിക്കുന്നത്. രണ്ടായിരത്തി എഴുന്നൂറോളം വീടുകളിൽ വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ കുട്ടികൾ നേരിട്ടെത്തി ബോധവത്കരണം നടത്തി.

കുട്ടികൾ വീടുകളിൽ നേരിട്ടിറങ്ങിചെന്ന് കുടുംബാഗംങ്ങൾ ഒരു ദിവസം മൊബൈൽ ഫോൺ, ടീവി, കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കുന്ന സമയം, വീട്ടിൽ ഒരു മാസം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, വീട്ടിൽ ഒരു മാസം ജങ്ക് ഫുഡ്, കോള എന്നിവക്കുവേണ്ടി ചെലവാക്കുന്ന തുക എന്നിവ രേഖപ്പെടുത്തി ഒരു സർവേ നടത്തി. ഒരു മാസത്തിനു ശേഷം ഈ വിവരങ്ങൾ വീണ്ടും ശേഖരിച്ച് ഈ ബോധവൽകരണം എത്രമാത്രം സമൂഹത്തിന് ഗുണം ചെയ്തു എന്ന് പരിശോധിക്കും.

ഇതോടൊപ്പം പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയും കുടുബത്തിന്റെ നന്മക്കായി മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ വർജ്ജിക്കണമെന്നും ജങ്ക് ഫുഡ്, കോള മുതലായവ ഉപേക്ഷിക്കണമെന്നും കുട്ടികൾ ഉദ്ബോധിപ്പിക്കും.

കൂടാതെ ഇന്നത്തെ തലമുറയുടെ ശാപമായി മാറിക്കൊണ്ടിരിക്കുന്ന മൊബൈൽ, ടീവി, കമ്പ്യൂട്ടർ എന്നിവയുടെ അമിതമായ ഉപയോഗം ഇല്ലാതാക്കുന്നതിനായ് സ്ക്രീൻ ടൈം കുറയ്ക്കുന്നതിനുള്ള ബോധവത്കരണവും പദ്ധതിയുടെ ഭാഗമായിരിക്കുന്നു. ശുചിത്വം പാലിക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനുമുള്ള തിരിച്ചറിവുകളും കുട്ടികൾ ഒരോ വീടുകളിലും നേരിട്ടെത്തിച്ചു.

കുട്ടികൾ സന്ദർശിച്ച് ബോധവത്ക്കരണം നടത്തുന്ന വീടുകളിൽ കോൾ ടു ഗുഡ് ലൈഫ് പ്രൊജക്ടിന്റെ ലോഗോയോടൊപ്പം പ്ലാസ്റ്റിക് വിമുക്ത, ലഹരി രഹിത, പ്രകൃത്യാനുകൂല ശുചിത്വ കുടുംബം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ലേബൽ പതിച്ച് തങ്ങൾ പറഞ്ഞവ ഒരോരുത്തരും ജീവിതത്തിൽ പ്രാവർത്തികമാക്കി സമൂഹനന്മയിലേക്ക് കടന്നുവരണം എന്ന് കുട്ടികൾ ഉദ്ബോധിപ്പിച്ചു.

# പ്ലാസ്റ്റിക് വിമുക്ത, ലഹരി രഹിത, പ്രകൃത്യാനുകൂല ശുചിത്വ കുടുംബത്തിനായി കുട്ടികളുടെ മെഗാക്യാമ്പയിൻ



വാകക്കാട് അൽഫോൻസാ ഹൈസ്കൂൾ തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേക്ക് എന്ന ലക്ഷ്യവുമായി തുടക്കം കുറിച്ച കോൾ ടു ഗുഡ് ലൈഫ് എന്ന പദ്ധതിയുടെ ഭാഗമായി ഡിസംബർ ഇരുപത്തി ഒന്നാം തിയതി ശനിയാഴ്ച രണ്ടായിരത്തി മുന്നൂറോളം വീടുകളിൽ വാകക്കാട് സ്കൂളിലെ കുട്ടികൾ നേരിട്ടെത്തി പ്ലാസ്റ്റിക് വിമുക്ത, ലഹരി രഹിത, പ്രകൃത്യാനുകൂല ശുചിത്വ കുടുംബത്തിനായി ബോധവത്കരണം നടത്തി. പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിനുള്ള മാർഗങ്ങൾ കുട്ടികൾ നിർദ്ദേശിച്ചു. കുടുബത്തിന്റെ നന്മക്കായി മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ വർജ്ജിക്കണമെന്നും ജങ്ക്ഫുഡ്,കോള മുതലായവ ഉപേക്ഷിക്കണമെന്നും കുട്ടികൾ ഉദ്ബോധിപ്പിച്ചു. കൂടാതെ ഇന്നത്തെ തലമുറയുടെ ശാപമായി മാറിക്കൊണ്ടിരിക്കുന്ന മൊബൈൽ,ടീവി,കമ്പ്യൂട്ടർ എന്നിവയുടെ അമിതമായ ഉപയോഗം ഇല്ലാതാക്കുന്നതിനായ് സ്ക്രീൻ ടൈം കുറക്കുന്നതിനുള്ള ബോധവത്കരണവും പദ്ധതിയുടെ ഭാഗമായി നടത്തി. ശുചിത്വം പാലിക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനുമുള്ള തിരിച്ചറിവുകളും ഒരോ വീടുകളിലും കുട്ടികൾ കൊടുത്തു.

ഇതോടൊപ്പം കുട്ടികൾ വീടുകളിൽനിന്നും കുടുംബാഗംങ്ങൾ ഒരു ദിവസം മൊബൈൽ ഫോൺ, ടീവി, കമ്പ്യൂട്ടർ എന്നിവക്കായി ഉപയോഗപ്പെടുത്തുന്ന സമയം, വീട്ടിൽ ഒരു മാസം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, വീട്ടിൽ ജങ്ക് ഫുഡ്,കോള എന്നിവക്കുവേണ്ടി ഒരു മാസം ചെലവാക്കുന്ന തുക എന്നിവ രേഖപ്പെടുത്തി ഒരു സർവേക്കും തുടക്കം കുറിച്ചു. ഒരു മാസത്തിനു ശേഷം ഈ വിവരങ്ങൾ വീണ്ടും ശേഖരിച്ച് ഈ മെഗാക്യാമ്പയിൻ എത്രമാത്രം സമൂഹത്തിന് ഗുണം ചെയ്തു എന്ന് വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യും.

സന്ദർശിച്ച് ബോധവത്ക്കരണം നടത്തിയ വീടുകളിൽ കോൾ ടു ഗുഡ് ലൈഫ് പ്രൊജക്ടിന്റെ ലോഗോയോടൊപ്പം പ്ലാസ്റ്റിക് വിമുക്ത, ലഹരി രഹിത, പ്രകൃത്യാനുകൂല ശുചിത്വ കുടുംബം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ലേബൽ പതിച്ച് തങ്ങൾ പറഞ്ഞവ ഒരോരുത്തരും ജീവിതത്തിൽ പ്രാവർത്തികമാക്കി സമൂഹത്തെ നന്മയിലേക്ക് നയിക്കണം എന്ന് ഉദ്ബോധിപ്പിച്ചാണ് കുട്ടികൾ ഒരോ വീടുകളിൽ നിന്നും മടങ്ങിയത്.

## കടകളിലേക്ക് പേപ്പർ ക്യാരിബാഗുകളുമായി സീഡ് ക്ലബ് കുട്ടികൾ



പ്ലാസ്റ്റിക് മുക്തകേരളത്തിനായ് വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ കുട്ടികൾ രംഗത്തെത്തി . കുട്ടികൾ നിർമ്മിച്ച പേപ്പർ ക്യാരിബാഗുകൾ വാകക്കാട് പ്രദേശത്തെ കടകളിൽ കുട്ടികൾ വിതരണം ചെയ്തു.

പുതുവർഷം പ്ലാസ്റ്റിക് മുക്തമാകേണ്ടതിൻെ്റ ആവശ്യകത കുട്ടികൾ കടകൾ തോറും കയറി ഇറങ്ങി ബോധ്യപ്പെടുത്തിയതിനോടൊപ്പം നാളെ മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കരുതെന്ന കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്തു.

കുട്ടികളുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നും പ്ലാസ്റ്റിക് നിരോധനം വന്നപ്പോൾ പേപ്പർ ക്യാരിബാഗുകൾ ലഭ്യമായത് വളരെ ഉപകാരപ്രദമാണെന്നും വ്യാപാരികൾ പറഞ്ഞു.



## സംവാദം: കുട്ടികളും ആരോഗ്യവും

ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ഡോ.ആനിയ സാമുവൽ കുട്ടികളും ആരോഗ്യവും എന്ന വിഷയത്തിൽ കുട്ടികളോട് നടത്തിയ സംവാദം കുട്ടികളുടെ ജീവിതത്തിൽ വളരെ ഉപകാരപ്രദമായിരുന്നു.

## ജീവിതശൈലി രോഗങ്ങൾ




ഇടമറുക് പ്രദേശത്ത് ജീവിതശൈലി രോഗങ്ങൾ,പ്രതിരോധം എന്ന വിഷയത്തിൽ നടത്തിയ ബോധൽക്കരണ പരിപാടിയിൽ നിരവധിപേർ പങ്കെടുക്കുകയും ജീവിത ശൈലിയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ അവരെ ബോധവാൻമാരാക്കുകയും ചെയ്തു.



## വിശുദ്ധ അദ്ധ്യാപിക – ഹ്രസ്വചിത്രം

വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ വിശുദ്ധ അദ്ധ്യാപിക എന്ന ഹ്രസ്വചിത്രം കെ. ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സ് ചെയർമാനും പ്രമുഖ സംവിധായകനും തിരക്കഥാകൃത്തുമായ ആർ ഹരികുമാർ റിലീസ് ചെയ്തു. 1932-33 കാലഘട്ടത്തിൽ വാകക്കാട് പള്ളിക്കൂടത്തിൽ അൽഫോൻസാമ്മയുടെ വിദ്യാർത്ഥിയായിരുന്ന ഇടമറുക് സ്വദേശിനി കെ. പി ഗൗരിക്കുട്ടിയുടെ ഓർമ്മകളെ അടിസ്ഥാനമാക്കിയാണ് കഥ പുരോഗമിക്കുന്നത്. ഹ്രസ്വചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം,എഡിറ്റിംങ് , സംവിധാനം എന്നിവയെല്ലാം നിർവഹിച്ചത് സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും ചേർന്നാണ് .

### KEY – Knowledge Empowerment Programme

സ്കൂളിലെ കുട്ടികൾക്ക് പി എസ് സി പോലുള്ള പരീക്ഷകൾക്ക് ചെറിയ ട്രെയിനിംങ് എന്ന നിലയിൽ നല്ല പാഠം കുട്ടികൾ ഓരോ ആഴ്ചയും എല്ലാ ക്ലാസ്സുകളിലും ആനുകാലികവും പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ പ്രദർശിപ്പിക്കുകയും കുട്ടികൾ അവ എഴുതി പഠിക്കുകയും ചെയ്യുന്നു. പരീക്ഷ നടത്തി വിജയികളാവുന്നവർക്ക് പുരസ്കാരങ്ങൾ കൊടുക്കുന്നു.



## ശുചീകരണ പ്രവർത്തനങ്ങൾ

പൊതു സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രത്യേകം ശ്രദ്ധ വയ്ക്കുന്നു. വാകക്കാടിലെ വെയിറ്റിംങ് ഷെഡ് ലിറ്റിൽ കൈറ്റ്സ് കുട്ടികളെല്ലാം ചേർന്ന് കഴുകി വൃത്തിയാക്കി.റോഡിനിരു വശവും വൃത്തിയായി സൂക്ഷിക്കുന്നു.

## ഹോമിയോ ഹോസ്പിറ്റലിൽ ബോധവൽക്കരണം



മൂന്നിലവ് ഗ്രാമ പഞ്ചായത്ത് ഹോമിയോ ഹോസ്പ്പിറ്റലിൽ ജീവിതശൈലി രോഗങ്ങൾ, പ്രതിരോധം എന്ന വിഷയത്തിൽ നടത്തിയ ബോധൽക്കരണ പരിപാടിയിൽ നിരവധിപേർ പങ്കെടുക്കുകയും ജീവിതശൈലിയിലുണ്ടാക്കുന്ന മാറ്റത്തെക്കുറിച്ച് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അവരെ ബോധവാൻമാരാക്കുകയും ചെയ്തു.

## 'സ്ക്രീൻ ടൈം' കുറക്കുന്നതിനുള്ള ആഹ്വാനവുമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

'സമയം കടന്നുപോയിരിക്കുന്നു. നമ്മുടെ ചർച്ചകളും പ്രവർത്തനങ്ങളും കേവലം വാക്കുകളിൽ മാത്രം അവസാനിക്കരുത്. നമ്മുടെ കുട്ടികളുടെ സംരക്ഷണത്തിനായി ഇന്ന് എന്തൊക്കെ ചെയ്യുതു? ഇനി എന്തെല്ലാം ചെയ്യാൻ സാധിക്കും?' ഇത് പറയുന്നത് വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളാണ്. മൊബൈൽ, ലാപ്പടോപ്പ്, കമ്പ്യൂട്ടർ, ടി.വി തുടങ്ങിയ സ്ക്രീനുകളിലേക്ക് നോക്കിയിരിക്കുന്ന സമയം- സ്ക്രീൻ ടൈം കുറക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ അഭിപ്രായം പ്രകടിപ്പിച്ചത്. തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേക്ക് എന്ന ലക്ഷ്യവുമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടക്കം കുറിച്ചിരിക്കുന്ന കോൾ ടു ഗുഡ് ലൈഫ് പദ്ധതിയുടെ ഭാഗമായാണ് പരിപാടി നടന്നത്.ശാസ്ത്ര സാങ്കേതികരംഗങ്ങളുടെ അതിവേഗത്തിനുള്ള പ്രയാണത്തിനിടയിൽ ഇന്നേറ്റവും മുന്നിട്ടുനിൽക്കുന്നത് മൊബൈൽ രംഗമാണെന്നും ഇത് സമൂഹത്തിലുള്ള എല്ലാ വിഭാഗമാളുകളും ഉപയോഗിക്കുന്നുണ്ടെങ്കിലും കൂടുതലായി ബാധിക്കുന്നത് കുട്ടികളെയാണെന്നും ഇതിൽ മാതാപിതാക്കൾ നല്ല ശ്രദ്ധ വെക്കണമെന്നും കുട്ടികൾ മാതാപിതാക്കളോടായി പറഞ്ഞു.

സ്ക്രീൻ ടൈം ഇന്ന് നമ്മുടെയിടയിൽ വലിയ ചർച്ച ചെയ്യുന്നില്ലെങ്കിലും ആഗോള തലത്തിൽ ഇതൊരു വലിയ ചർച്ചാ വിഷയം തന്നെയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം സ്ക്രീൻ ടൈം കൂടിയതുകൊണ്ടുള്ള പലവിധ രോഗങ്ങൾ വർധിച്ചുവരുന്നതായി കാണാം. തിരുവനന്തപുരം ആർ. സി. സി യിൽ ഇന്ന്

വളരെയധികം കുട്ടികൾ കണ്ണിനു ക്യാൻസർ പോലെയുള്ള രോഗങ്ങളുമായി റിപ്പോർട്ടു ചെയ്യപ്പെടുന്നതിനും കാരണം സ്ക്രീൻ ടൈം തന്നെയാണ്.



എല്ലാവരെയും സ്വാധീനിക്കുന്ന ഒരു മാധ്യമമാണ് സ്മാർട്ട് ഫോൺ. ഇതിലെ വാട്ട്സാപ്പ്, ഫേസ്ബുക്ക്, യു ട്യൂബ് പോലുള്ള മാധ്യമങ്ങൾ കുട്ടികളെ അതിവേഗം സ്വാധിനിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ നയന ഷാജി, അലീന സുരേഷ് എന്നിവരാണ് സ്കൂളിലെ കുട്ടികളിക്കും മാതാപിതാക്കൾക്കുമായി നടത്തിയ ബോധവൽക്കരണ ക്ലാസ്സ് നയിച്ചത്. മറ്റുള്ളവർ ചെയ്യുന്നത് കാത്തിരിക്കാൻ ഇനി നമുക്ക് സമയമില്ല.നമ്മുടെയും കുട്ടികളുടെയും രക്ഷക്കായി അതിവേഗകർമ്മപദ്ധതികൾ നാം ഇന്ന് ഇപ്പോൾ തന്നെ ആരംഭിക്കണം. സ്ലൈഡ് ഷോ, വീഡിയോ തുടങ്ങി മൾട്ടി മീഡിയ പ്രസന്റേഷനോടുകൂടി എടുത്ത ക്ലാസ്സ് മാതാപിതാക്കൾക്ക് പുതിയ അറിവ് നൽകുന്നവയായിരുന്നു.

## അരുത് ലഹരി

കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നഈകാലഘട്ടത്തിൽ ഇതിനെതിരെ അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളും ഒരുമിച്ചുനിൽക്കുന്നു. ലഹരിക്കെതിരെ സ്കൂളിലെ അദ്ധ്യാപികയായ സി.ലിനെറ്റ് എസ്. എച്ച് മാതാപിതാക്കൾക്ക് ബോധവൽക്കരിച്ചു. സ്കൂൾ അസംബ്ലിയിൽ മനുഷ്യന്റെ ശരീരത്തെയും മനസ്സിനെയും തളർത്തുകയും നശിപ്പിക്കുകയും ചെയ്യും എന്നതുകൊണ്ട് ഞാൻ ഒരിക്കലും അവ ഉപയോഗിക്കില്ലെന്നും മറ്റുള്ളവരെ അവ ഉപയോഗിക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുമെന്നും വിദ്യാർഥികൾക്ക് അവ നൽകാൻ ശ്രമിക്കുന്നവരെ അതിൽനിന്നു തടയുമെന്നും പ്രതിജ്ഞ ചെയ്യുതു.

## ലിറ്റിൽ കൈറ്റ്സ് സർവ്വേ

# സ്ക്രീനിൽ കുരുങ്ങുന്നത് കുട്ടികൾ

അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ രണ്ടായിരത്തി മുന്നൂറോളം വീടുകളിൽ നേരിട്ട് ചെന്ന് നടത്തിയ പഠനത്തിൽ നിന്നും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ സ്ക്രീൻ സമയം ഒരു ദിവസം ശരാശരി മൂന്നു മണിക്കൂറോളം വരുന്നുണ്ടെന്ന് കണ്ടെത്തി. അതിനാൽ മറ്റുള്ളവർ ചെയ്യുന്നത്



കാത്തിരിക്കാൻ ഇനി നമുക്ക് സമയമില്ല എന്നും നമ്മുടെയും കുട്ടികളുടെയും രക്ഷക്കായി അതിവേഗകർമ്മപദ്ധതികൾ നാം ഇന്ന് ഇപ്പോൾ തന്നെ ആരംഭിക്കണം എന്നും കുട്ടികൾ അഭിപ്രായപ്പെടുന്നു.

5 വയസ്സിൽ താഴെ, 6-17 വയസ്സ്, 18-40 വയസ്സ്, 40 വയസ്സിനു മുകളിൽ എന്നിങ്ങനെ പ്രായത്തെ അടിസ്ഥാനമാക്കി നാലു വിഭാഗങ്ങളായി തിരിച്ചാണ് കുട്ടികൾ സ്ക്രീൻ ടൈം നെക്കുറിച്ചുള്ള പഠനം നടത്തിയത്. വീടുകളിൽ നിന്നും ഒരോ പ്രായവിഭാഗത്തിലുമുള്ളവരുടെ എണ്ണവും ഇവർ മൊബൈൽ ഫോൺ, ടിവി, കമ്പ്യൂട്ടർ എന്നിവ ഒരു ദിവസം ഉപയോഗിക്കുന്ന സമയവും ചോദിച്ചറിഞ്ഞാണ് സർവ്വേരീതിയിലുള്ള പഠനം കുട്ടികൾ നടത്തിയത്.

ഇതിൽ നിന്നും **5 വയസ്സിൽ താഴെയുള്ള ഒരു കുട്ടി പ്രതിദിനം മൂന്നു മണിക്കൂറോളം മൊബൈൽ, ടി വി എന്നിവയുടെ സ്ക്രീനിലേക്ക് നോക്കിയിരിക്കുന്നു** എന്ന് കണ്ടെത്തി. സർവേ പ്രകാരം 6-17 വയസ്സുവരെയുള്ളവരുടെ സ്ക്രീൻ ടൈം രണ്ടു മണിക്കൂറും 17-40 വയസ്സുവരെയുള്ളവരുടെ സ്ക്രീൻ ടൈം ഒന്നര മണിക്കൂറും 40 വയസ്സിനു മുകളിലുള്ളവരുടെ സ്ക്രീൻ ടൈം 55 മിനിറ്റും ആണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്.

കുട്ടികൾ അമിതമായി സ്ക്രീനുകൾക്ക് മുന്നിൽ സമയം ചെലവഴിക്കുന്നത് ഗുരുതരമായ ആരോഗ്യമാനസിക പ്രശ്നങ്ങളിലേക്ക് നയിക്കപ്പെടുമെന്ന് സിങ്കപ്പൂർ ഗവൺമെന്റ് ബെസ്റ്റ് മെന്റർ അവാർഡും കാനഡ റിസേർച്ച് ചെയർ ബഹുമതിയും

കരസ്ഥമാക്കിയ **കാനഡ മക് ഗിൽ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ആന്റ് റിസേർച്ച് ഗൈഡ് ഡോ. സജി ജോർജ്ജ്** അഭിപ്രായപ്പെട്ടു. കുട്ടികളുടെ സ്ക്രീൻ സമയം കുറച്ച് അവരെ സ്വാഭാവിക ജീവിതത്തിലേക്കു നയിക്കുന്നതിനുള്ള ശ്രമം മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും കുട്ടികളെ സ്ക്രീൻ അഡിക്ഷനിൽ നിന്നു മോചിപ്പിക്കാനായി മതാപിതാക്കൾക്ക് പരിശീലനം നല്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

5 വയസ്സിൽ താഴെയുള്ള കുടികളുടെ സ്ക്രീൻ സമയം യാതൊരു കാരണവശാലും ഒരു മണിക്കൂറിൽ കൂടുതലാവാൻ പാടില്ലായെന്ന് **ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിലെ ശിശുരോഗ വിദഗ്ദൻ ഡോ. ജിസ്സ് തോമസ്** പറഞ്ഞു. പഠനവൈകല്യങ്ങൾ, ഹൈപ്പർ ആക്ടിവിറ്റി, കേൾവിക്കുറവ്, അർബുദം, ഉറക്ക പ്രശ്നങ്ങൾ, പരിസരബന്ധക്കുറവ്, ലൈംഗിക പ്രശ്നങ്ങൾ തുടങ്ങിയവക്കൊക്കെ സ്ക്രീൻ സമയം കൂടുന്നത് കാരണമായി തീരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ലിറ്റിൽ കൈറ്റ്സ് പ്രോജക്റ്റ് കോൾ ടു ഗുഡ് ലൈഫ് വൻവിജയത്തിലേക്ക്

**അൽഫോൻസാ ഹൈസ്കൂൾ വാകക്കാട്**

Call to Good Life

**തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേയ്ക്ക്**

| ക്രമ നമ്പർ | പേര് മേൽവിലാസം ഫോൺ നമ്പർ | കുടുംബാംഗങ്ങളുടെ എണ്ണം (പ്രായമനുസരിച്ച്) | മൊബൈൽ ഫോൺ, ടിവി, കമ്പ്യൂട്ടർ എന്നിവ ഒരു ദിവസം ഉപയോഗിക്കുന്ന ആകെ സമയം | | | വീട്ടിൽ ഒരു മാസം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ് (കിലോ ഗ്രാം) | | | വീട്ടിൽ ഒരുമാസം ജങ്ക് ഫുഡ്, കോള എന്നിവക്കുവേണ്ടി ചെലവാക്കുന്ന തുക(രൂപ) | | | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1 | 2 | 3 | 1 | 2 | 3 | 1 | 2 | 3 | |
| | | 5 വയസ്സിന് താഴെ...................... | | | | | | | | | | |
| | | 6-17 വയസ്സ്............................ | | | | | | | | | | |
| | | 18-40 വയസ്സ്.......................... | | | | | | | | | | |
| | | 40 വയസ്സിനു മുകളില്.............. | | | | | | | | | | |
| | | 5 വയസ്സിന് താഴെ...................... | | | | | | | | | | |
| | | 6-17 വയസ്സ്............................ | | | | | | | | | | |
| | | 18-40 വയസ്സ്.......................... | | | | | | | | | | |
| | | 40 വയസ്സിനു മുകളില്.............. | | | | | | | | | | |
| | | 5 വയസ്സിന് താഴെ...................... | | | | | | | | | | |
| | | 6-17 വയസ്സ്............................ | | | | | | | | | | |
| | | 18-40 വയസ്സ്.......................... | | | | | | | | | | |
| | | 40 വയസ്സിനു മുകളില്.............. | | | | | | | | | | |
| | | 5 വയസ്സിന് താഴെ...................... | | | | | | | | | | |
| | | 6-17 വയസ്സ്............................ | | | | | | | | | | |
| | | 18-40 വയസ്സ്.......................... | | | | | | | | | | |
| | | 40 വയസ്സിനു മുകളില്.............. | | | | | | | | | | |
| | | 5 വയസ്സിന് താഴെ...................... | | | | | | | | | | |
| | | 6-17 വയസ്സ്............................ | | | | | | | | | | |
| | | 18-40 വയസ്സ്.......................... | | | | | | | | | | |
| | | 40 വയസ്സിനു മുകളില്.............. | | | | | | | | | | |

പേര്.................................................................................... ക്ലാസ്സ്..............................

വാകക്കാട് അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തുടങ്ങിവച്ച പ്രോജക്റ്റായ 'കോൾ ടു ഗുഡ് ലൈഫ്' വിജയത്തീരത്തേക്ക് . പ്രോജക്റ്റിന്റെ ഒന്നാം ഘട്ടത്തിൽ വിവിധ ബോധവത്കരണ പരിപാടികളാണ് സ്കൂളിൽ നടത്തിയത് . പ്ലാസ്റ്റിക് വിമുക്ത, ലഹരി രഹിത പ്രകൃത്യാനുകൂല ശുചിത്വ കുടുംബം എന്ന ആശയവുമായി തിരിച്ചറിവിലൂടെ ആരോഗ്യകരമായ ജീവിതത്തിലേക്ക് എന്ന ലക്ഷ്യമാണ് പ്രോജക്റ്റ് മുന്നോട്ട് വച്ചത്.

രണ്ടാം ഘട്ടത്തിൽ സ്കൂളിലെ കുട്ടികൾ തങ്ങളുടെ സമീപ പ്രദേശങ്ങളിലെ 2300 വീടുകളിൽ സ്ക്രീൻ ടൈം കുറയ്ക്കുക, പ്ലാസ്റ്റിക് ഉപേക്ഷിക്കുക, ലഹരി വസ്തുക്കൾ ഉപയോഗിക്കാതിരിക്കുക,

ജങ്ക്ഫുഡ് ,കോള തുടങ്ങിയവ ഒഴിവാക്കുക എന്നീ സന്ദേശങ്ങൾ ഉൾകൊള്ളുന്ന ബോധവത്കരണം നടത്തി. ഇതോടൊപ്പം ഈ വീടുകളിൽ നിന്ന് ഒരു മാസം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ് , ജങ്ക്ഫുഡ് , കോള എന്നിവയ്ക്കായി ഒരു വർഷം ചിലവാക്കിയ തുക, ടിവി, കംപ്യൂട്ടർ, മൊബൈൽ എന്നിവയ്ക്കായി ഒരു ദിവസം ഓരോരുത്തരും ഉപയോഗപ്പെടുത്തുന്ന സമയം എന്നിവ ചോദിച്ചറിഞ്ഞ് സർവേരീതിയിലുള്ള പഠനം നടത്തി. ഇതിൽ നിന്നും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ സ്ക്രീൻ സമയം മൂന്നു മണിക്കൂറോളമാണെന്ന് കണ്ടെത്തിയിരുന്നു. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായിത്തീരുമെന്ന് ശിശുരോഗവിദഗ്ദർ അഭിപ്രായപ്പെട്ടു.

**വീടുകളിൽ നടത്തിയ ബോധവത്കരണ പദ്ധതിക്ക്, ഒരു മാസം കഴിഞ്ഞിട്ടു നടത്തിയ സാമ്പിൾ പഠനത്തിൽ സ്ക്രീൻ ടൈം 15 മുതൽ 18 വരെ ശതമാനവും പ്ലാസ്റ്റിക് ഉപയോഗം 62 മുതൽ 66 ശതമാനവും ജങ്ക്ഫുഡ് , കോള എന്നിവയുടെ ഉപയോഗം 27 മുതൽ 30 ശതമാനവും കുറഞ്ഞതായി കണ്ടെത്തി.** ഇതേക്കുറിച്ചുള്ള കൂടുതൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ ഈ വർഷത്തെ പ്രോജക്റ്റ് വിജയകരമായി എത്തുന്നതിന്റെ ആഹ്ലാദത്തിലാണ് ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ.




## ഉപസംഹാരം

ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട റവ. ഫാ. ജെയിംസ് കുടിലിൽ, നേതൃത്വം നൽകിയ ഹെഡ്മിസ്ട്രസ് സി.ടെസ്സ്, ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മനുസാർ, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ജൂലിയടീച്ചർ, സഹകരണവുമായി രംഗത്തുണ്ടായിരുന്ന അധ്യാപകർ, മാതാപിതാക്കൾ, കൂട്ടുകാർ എന്നിവരോടുമുള്ള നന്ദി അറിയിക്കട്ടെ. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എന്നും പ്രോത്സാഹനം നൽകുന്ന ലിറ്റിൽ കൈറ്റ്സ് കോട്ടയം ജില്ലാ കോ- ഓർഡിനേറ്റർക്കും ടീമംഗങ്ങൾക്കും സവിശേഷമായ നന്ദി.

എന്ന്,

സെക്രട്ടറി,
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, അൽഫോൻസാ ഹൈസ്കൂൾ വാകക്കാട്.

# A Matter of Student's Learning Styles

Instruction begins when you, the teacher, learn from the learner. Put yourself in his place so that you may understand what he learns and the way he understands it. Learning is improved when it is grounded in practical learning theory. By itself, more technology will not make education more efficient. For these reasons, it is imperative that the learning environment of the digital era is developed or the present environment be redesigned so that it is relevant to the power, potential and versatility of the gamut of educational technology available today.




Different students have different learning styles and this occurs in a wide variety of ways, including the types of instruction to which they respond best, the ways they approach their individual studies (strategies to studying and learning approaches), and their perception and attitudes about the nature of knowledge and their role in constructing it (cognitive levels).Students preferentially take in and process information in different ways; by observation and hearing, reflecting and acting, reasoning and deducing logically. Students come to the "classroom" with preconceptions about how the world works.

If their initial understanding is not engaged, they may fail to grasp new concepts and information that are taught, or they may learn them for purposes of a test but revert to their preconceptions outside a classroom. The method of teaching or pedagogy may also vary. The content may be delivered in the manner of a lecture, demonstration, individual or group work and in the very many learning theories.




An objective of education should thus be to help students build their skills in both their preferred and less preferred modes of learning. The learning theories provide good frameworks for designing instruction with the desired breadth. The goal is to make sure that the learning needs of students in each model category are met at least part of the time. When mismatches exist between learning styles of most students in a class and the teaching style of the teacher, the students will 'disengage' from the educational environment.



Obviously, there are many approaches that could be employed in designing learning environments that respond more effectively to the needs of different students, although this would be rather demanding in a face-to-face fashion, the infusion of technology and the power of multimedia computing will provide the platform for a pedagogy-rich format. Narrowing to the teacher-learner interaction, there are also many ways to create a better match between students' learning styles and teacher approaches to instruction.

It is our contention that perhaps we should cease to endure this matching processes as one could never know the learning modalities, preferences and styles of a student, as much as one could never know the preferences, inclination and approaches of the teacher. Any one research on the learning characteristics of one particular cohort would be rendered useless against the next cohort. We need a different approach where the direction, preferences and development evolves through the facilitation of educational transaction, with technology playing a pivotal function in the integration of the pedagogy, content, teacher and the learner. We need to work on the preferences and strength of the students through a variety of learning models. In this way, the students have



the choice to pursue a learning preference while subtlety being redirected to a higher level on a natural progression; a maneuver that require an astute pedagogical approach by the teacher.

**Technology**



The transformation of the learning environment is a crucial element in the definition of technology as we put it as it signifies the power and function of multimedia computing (technology) and its use in the teaching and learning process. Coming back to the use of technology, we always view the functionality of technology from the standpoint of the student on the pretext of it being learner centered. Together with this notion, we adopt the concept of facilitation and transmission of learning that we contend are not an effective approach as we subsume a lot of the initiative and creative use of technology on the students characteristics (supposedly). There is no concrete direction of encouraging an individual to engage in practices that will result in meaningful learning, due to the incapability of the students to venture beyond what is presented by faculty.

We also contend that the primary benefit of technology is not the focus on the content but the focus on the learning practices and engagement that technology enables. In spite of the blended approaches that are integrating technology in the teaching and learning processes, it could be an ignorant way of viewing the possibilities and potentialities of technology. In truth, we should not be using technology to duplicate what we can already do, but we should design uses of technology that enables us to participate and engage in teaching and learning practices that we cannot do given our current constraints.

For example, we can create virtual case studies, support communication and collaborations among geographically distanced individuals and groups and create texts or artefacts from the interaction that take place thus fostering more learning. In essence, we are moving from mere infusion or

integration (as a natural buy-in) but are approaching the transformation of the learning environment in its entirety.

**Implications of Technology**



The application of technology will now witness the presentation of content in a continuum rather than a segmented approach for a specific cohort., each level taking into account the learner characteristics, learning styles and preferences and the production of a variety of appropriate media components to support, complement or for the purpose of teaching and knowledge retention. Further we will now witness the design of (a single) content for the learning environment that is based on many learning theories such as situated learning, multiple intelligences, experiential learning, constructivist theory, cognitive load theory as well as connectionism.

Imagine a scenario where a student logs on to the computer and is assessed for his learning style before being directed to the most appropriate learning environment design based on his preferences. There the student is served with a buffet of learning that has been laid out for the student to choose or try in his educational transaction; the logistical difficulties in creating learning experiences to suit every situation and learning style, notwithstanding.

Technology is defined as the transformative use of technology to foster learning. The power of multimedia computing makes it possible for technology to cater for the needs of pedagogical elements that can be viewed from the standpoint of technology. Innovations in interactive technologies afford us the luxury through web based delivery the leveling of field in the education of the young and the adult, each benefiting from the elements of the other. Technology will allow for a continuum from the young to the adult in a way that addresses both learning needs and activities.

*Manu K Jose*

# OUR EDITORIAL BOARD



SR. TESS FCC
Cheif Editor



Julia Augustine

## Staff Editors



Manu K Jose



Nayana Shaji
Student Editor

## Sub Editors



Abin Tom



Anna Abraham



Aleena Suresh



Axsa Vince



Jivina D

# OUR PROMOTERS


ELSAMMA ZACHARIAS


JULIA AUGUSTINE


MANU K. JOSE


BENNY JOSEPH


SR. TESS FCC


SALYAMMA SCARIA


SANTHOSH THOMAS


SR.REENA FCC


DEEPA MARIA


SR.JASMINE FCC


SR.JOSLIN FCC


SR.PREETHA FCC


JOSEPH SEBASTIAN


SR.KRUPA FCC


SR.ALPHIN FCC



SR.LINET S.H


JOHNSON


MANOJ ALEX


ALLEN MANUEL ALOYSIUS


TOJI MATHEW


SIBI ZACHARIAS

# നമ്മുടെ ഭാരതം



മഞ്ഞു മൂടിയ ഹിമവാനും
ആർത്തലയ്ക്കുന്ന സാഗരങ്ങളും
അതിരിടുന്ന ഇന്ത്യ.....

ഇതിഹാസങ്ങളായ മഹാഭാരതവും
ഉപനിഷത്തുക്കളും ഒട്ടേറേ പട-
യോട്ടങ്ങളും അധിനിവേശങ്ങളും
കണ്ട ഇന്ത്യ...........

കടൽകടന്നെത്തിയ വിദേശ ശക്തി-
കൾക്കെതിരെ ദേശാഭിമാനത്തിന്റെ
കനലെരിഞ്ഞ മനസ്സും
ആത്മാഭിമാനത്തിന്റെ ഹൃദയ
തുടുപ്പുകളുമായി
വീര ചരമം പ്രാപിച്ച
രക്തസാക്ഷികളുടെ ചോരകൊണ്ട്
തിലകം തൊട്ട നാട്....



**ലക്ഷ്മി മോഹനൻ**

# ക്രിക്കറ്റ് കോർണർ



.ഏറ്റവും ഉയർന്ന സ്കോർ നേടിയ ഇന്ത്യൻ കളിക്കാരൻ?

- വിരേന്ദർ സേവാഗ്

.ക്രിക്കറ്റിന്റെ ദൈവം എന്നറിയപ്പെടുന്നത്?

- സച്ചിൻ തെണ്ടുൽക്കർ

.ഒരിന്നിംഗിസിലെ പത്തു വിക്കറ്റും നേടിയ ആദ്യഇന്ത്യൻബൗളർ?

-അനിൽ കുംബ്ലെ

.ഏറ്റവും ഉയർന്ന സ്കോർ നേടിയ വിക്കറ്റ് കീപ്പർ ?

-മഹേന്ദ്ര സിംങ് ധോണി

.ആദ്യ ഹാട്രിക്ക് നേടിയ ഇന്ത്യൻ ടെസ്റ്റ് ബൗളർ? -ഹർഭജൻ സിംങ്

.2011 ൽ ഇന്ത്യ ലോകകപ്പ് നേടുമ്പോൾ ടീമിന്റെ നായകനാര്?

-മഹേന്ദ്ര സിംങ് ധോണി

.ഇപ്പോഴത്തെ ഇന്ത്യൻ ടീമിന്റെ നായകൻ? -വിരാട് കോലി

.ആദ്യത്തെ ഏകദിന സെഞ്ച്വറി നേടിയ കളിക്കാരൻ?

-കപിൽ ദേവ്

.ദിലീപ് ട്രോഫി ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു? -ക്രിക്കറ്റ്



.ഇന്ത്യൻ ക്രിക്കറ്റ് ടീം പ്രുഡൻഷ്യൽ ലോകകപ്പ് നേടിയ വർഷം? -1983

.ഇന്ത്യൻ ക്രിക്കറ്റ് ടീം അണ്ടർ 19 ലോകകപ്പ് നേടിയ വർഷം ? - 2000

.ഇന്ത്യൻ ക്രിക്കറ്റ് ടീം ട്വന്റി 20 ലോകകപ്പ് നേടിയ വർഷം? -2007

മരിയ ജോമോൻ

# വിയർക്കുന്ന പ്രകൃതി



പത്തു കിണറുകൾക്കു തുല്യമാണ് ഒരു കുളം, പത്തു കുളങ്ങൾക്കു തുല്യമാണ് ഒരു തടാകം,പത്തു തടാകങ്ങൾക്കു തുല്യമാണ് ഒരു പുത്രൻ,പത്തു പുത്രൻമാർക്കു തുല്യമാണ് ഒരു വൃക്ഷം.ഇതിൽ നിന്നും വൃക്ഷങ്ങളും പരിസ്ഥിതിയും സംരക്ഷിക്കേണ്ട ആവശ്യകത നമുക്ക്മനസ്സിലാക്കാം. പരിസ്ഥിതിയെ നിരവധി പ്രശ്നങ്ങൾ അലട്ടുന്നുണ്ട്. അതിൽ പ്രധാനമാണ് ആഗോള താപനം. ഇതിനുപ്രധാന കാരണം അമിതമായി നാം ഉദ്പാദിപ്പിക്കുന്ന ഹരിതഗൃഹ വാതകങ്ങളാണ്. ഇതു നിയന്ത്രിക്കുന്നതിന് പ്രധാനമായി ചെയ്യേണ്ടത്,അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് കുറയ്ക്കുക എന്നുള്ളതാണ്. കാർബൺ ഡയോക്സൈഡ് ഉപയോഗിച്ചാണ് സസ്യങ്ങൾ അന്നജം നിർമിക്കുന്നത്.എന്നാൽ വനനശീകരണം വർധിക്കുകയും കാർബൺ ഡയോക്സൈഡിന്റെ അളവ് വർധിക്കുകയുംചെയ്യുമ്പോൾ,പരിസ്ഥിതിയുടെ താളംതെറ്റുന്നു. ആവാസവ്യവസ്ഥയുടെ ആണിക്കല്ലുകളാണ് വൃക്ഷങ്ങൾ. എന്നാൽ വർധിച്ചു വരുന്ന മാലിന്യങ്ങൾ മരങ്ങളുടെ വളർച്ച തടസ്സപ്പെടുത്തുന്നു. മാലിന്യം അത് ഏതു വിധത്തിലായാലും ഭൂമിക്കുനാശമാണ്. ഖരാവസ്ഥയിലുള്ള മാലിന്യങ്ങളെക്കാൾ ഭയാനകമാണ് ദ്രാവക വാതകാവസ്ഥയിലുള്ള മാലിന്യങ്ങൾ. ഇവ നഗ്ന നേത്രങ്ങൾക്കൊണ്ടു കാണാൻ സാധിക്കില്ലാ എന്നതു തന്നെയാണിതിന്റെ കാരണം. കൂടാതെ ആഗോള താപനം മൂലം ഉണ്ടാകുന്ന ഓസോൺ സുഷിരങ്ങളിലൂടെ അൾട്രാവയലറ്റ്ഗാമാരശ്മികൾ പരിസ്ഥിതിയിൽ കനത്ത ആഘാതം ഏൽപ്പിക്കുന്നു. ഇതിനു പ്രതിവിധികാണേണ്ടത് ഇതിനു ഉത്തരവാദികളായ നാംതന്നെയാണ്.



പ്രപഞ്ച ജീവിതഘടന സമഗ്രമായ ഒരു സമ്പത്താണ്. മനുഷ്യൻ ഇതിന്റെ താളം തെറ്റിക്കുമ്പോൾ സംഭവിക്കുന്നത് എന്തെന്ന്പറയാനാവില്ല. അത് ക്രൂരമായ ആണവ വിപത്തിനെക്കാൾ വലുതാണ്. അതിനാൽ ഇതിന്റെ താളം തെറ്റിക്കാതെ നോക്കേണ്ടത് നമ്മുടെ കടമയാണ്.സുന്ദരമായ ഈ പ്രകൃതിയിലെ ഓരോ വസ്തുക്കളു സൂക്ഷ്മതയോടെ ഉപയോഗിക്കുക.

*വിൻസി ഡി*

# എന്തു സുന്ദരമീ ജീവിതം




ഗ്രാമ വീഥികൾ തോറും പച്ച
പുതച്ച നാട്..
ദൈവത്തിന്റെ സ്വന്തം നാട്
കേര ഭംഗി തിങ്ങി
നിൽക്കും....
ശ്യാമസുന്ദരമാണ് എന്റെ
നാട്......
വയലും പുഴയും
നിറഞ്ഞ നാട്
നെൽ ചെടികളാൽ
നിറഞ്ഞ നാട്
എന്തു സുന്ദരമാണീ
ജീവിതം.........

**സോന സോണി**

# മടിയനായ ഇക്കു



അക്കുവും ഇക്കുവും കൂട്ടുകാരായിരുന്നു. അക്കു  മിടുക്കനായിരിന്നു. പക്ഷേ ഇക്കു മഹാ മടിയനായിരുന്നു.ഒരു ദിവസം രണ്ടു പേരും കൂടി കടലിൽ മുത്ത് പെറുക്കാൻ പോയി.മടിയനായ ഇക്കു മുത്ത് പെറുക്കാതെ അക്കു മുത്ത് പെറുക്കുന്നത് നോക്കിനിന്നു.ഇക്കു വിചാരിച്ചു അക്കു പെറുക്കുന്നതിൽ നിന്ന് പകുതി തനിക്ക് കിട്ടുമെന്ന്.പക്ഷേ അവൻ ഇക്കുവിനെ തിരിഞ്ഞുപോലും നോക്കിയില്ല.ഇക്കു അക്കുവിനോട് ചോദിച്ചു:നി പിറക്കിയ മുത്തുകളിൽ നിന്ന് പകുതി എനിക്കും കൂടി



തരുമോ.അപ്പോൾ അക്കു പറഞ്ഞു:ഇത് ഞാൻ കഷ്ട്ടപെട്ട് പെറുക്കിയ മുത്തുകൾ അണ്.നിനക്ക് വേണമെങ്കിൽ നീ തന്നെ പെറുക്കണം.അപ്പോഴാണ് ഇക്കു തന്റെ അലസതയെ കുറിച്ചോർത്തത്.ആ സമയം ഇക്കു ഓർത്തു ,എന്റെ മടികാരണമാണ്എനിക്ക് ഒന്നും കിട്ടാത്തതെന്ന്.

**ഗുണപാഠം:** മടിയുണ്ടങ്കിൽ നമ്മുക്ക് ജീവിതത്തിൽ ഒന്നും നേടാൻ സാധിക്കുകയില്ല.

*അഞ്ജു സിബി*



## നമുക്കീ വേളയിൽ

*മന്ദം മന്ദം കുതിച്ചുയരാം നമുക്കീ*
*വേളയിൽ*
*പഠിച്ച് പഠിച്ച് വളർന്നവരാം നമുക്കീ*
*വേളയിൽ*
*കളിച്ച് രസിച്ച് നടന്നീടാം നമുക്കീ*
*വേളയിൽ*
*നല്ല നല്ല കാര്യങ്ങൾ ചെയ്തീടാം*
*നല്ല നല്ല പാഠങ്ങൾ പഠിച്ചിടാം*
*നല്ല കുട്ടരെ കൂടെ ചേർക്കാം നമുക്കീ വേളയിൽ*
*ജീവിതം അടിച്ച പൊളിച്ച രസിച്ചിടാം*
*നമുക്കീ വേളയിൽ*
*ജീവിത മുന്നേറ്റത്തിനായി പ്രയത്നിച്ചിടാം*
*നമുക്കീ വേളയിൽ*

*റിച്ചു ഡാന്റി*

## പഴമൊഴിമുത്തുകൾ




- സമ്പത്ത് കാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം.
- ആവും കാലം ചെയ്തില്ലെങ്കിൽ ചാവും കാലം ഖേദിക്കും.
- ദുരാഗ്രഹിക്ക് ഉള്ളതും ഇല്ലാതാകും.
- മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനമുണ്ടൊരു സൗരഭ്യം.
- ആഴമുള്ള വെള്ളത്തിൽ ഓളമില്ല.
- ആഴമുള്ള കടലിലെ വെള്ളമുള്ളൂ.
- ഇരുചെവിയറിയാതെ ഉപകാരം ചെയ്യണം.

*അഥീന വർഗീസ്*



## സൗഹൃദം

തോളോടുതോൾ ചേർന്നിടും

എൻ തോഴർ

സ്നേഹത്താൽ പൊതിഞ്ഞിടും

എൻ സ്നേഹിതർ

കൈത്താങ്ങായി നിന്നിടും

എൻ കളിത്തോഴർ

കൂടെപ്പിറപ്പായി നിന്നിടും

എൻ കൂട്ടുകാർ

വാത്സല്യത്താൽ വാരിപ്പുണരും

എൻ വർണ്ണങ്ങൾ

ജീവിതത്തിൽ നിഴലായി നിൽക്കും

എൻ ജാലകങ്ങൾ

*അന്ന അബ്രാഹം*

# ആ തണുത്ത ക്രിസ്മസ് രാത്രി



അന്നവും വിന്നവും കരയുകയായിരുന്നു. വിശപ്പ് അവരെ അത്രമേൽ ആക്രമിച്ചിരുന്നു. എങ്കിലും അവർക്ക് ഒരു പ്രതീക്ഷയുണ്ട്. കാരണം ഇന്ന് ക്രിസ്മസ് ആണ്. ലോകരക്ഷകനായ ദൈവം മനുഷ്യ നന്മയ്ക്കായി ഭൂമിയിൽ ജാതനായ പൊൻസുദിനം. ദൈവം തങ്ങളുടെ പട്ടിണി തീർക്കുമെന്നാണ് അവരുടെ അമ്മ ലെന അവർക്ക് പറഞ്ഞുകൊടുത്തിരിക്കുന്നത്. ഒരു വഷർമായി ലെനയുടെ ഭർത്താവായ ജോസ് മരിച്ചിട്ട്. അതൊരു ക്രിസ്മസ് രാത്രിയായിരുന്നു. സമ്മാനങ്ങൾ വാങ്ങാൻ പോയ ജോസ് തിരിച്ച വന്നില്ല. അന്നാരംഭിച്ചതാണ് ഈ കുടുംബത്തിന്റെ കഷ്ടകാലം. എങ്കിലും ദൈവ വിശ്വാസം കൈവിടാതെ അവർ പിടിച്ച നിന്നു. അമ്മേ സാന്താക്ലോസ് നമുക്ക് തീർച്ചയായും സമ്മാനം തരുമോ? മകന്റെ ചോദ്യം ലെനയെ ചിന്തയിൽ നിന്നുണർത്തി. ജോസിന്റെ വേർപാടിൽ നിന്ന് അവൾ മോചിതയായിരുന്നില്ല. തരും മോനെ... അവൾ മറുപടി പറഞ്ഞു. എന്തുചെയ്യണമെന്നവൾക്കറിയില്ലായിരുന്നു. ദൈവം തരും എന്ന വിശ്വാസത്തിൽ അവൾ കുട്ടികളെ ഉറക്കി. പാതി രാത്രി വാതിൽക്കൽ ശക്തിയായ മുട്ട കേട്ടാണ് ലെന ഉണർന്നത്. ഭയപ്പാടോടെയാണെങ്കിലും അവൾ വാതിൽ തുറന്നു. ഒരു വലിയ പെട്ടിയാണ് അവൾ കണ്ടത്. ഈ പാതിരാത്രിക്ക് ആരാണ് ഇവിടെ പെട്ടികൊണ്ടുവെയ്ക്കുക എന്നവൾ അമ്പരന്നു. അതിന് വലിയ ഭാരമുണ്ടായിരുന്നു. അത് വീടിനുള്ളിൽ കൊണ്ടുവന്ന് തുറന്നു നോക്കി. ക്രിസ്മസ് സമ്മാനങ്ങൾ, ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ, സ്വർണനാണയങ്ങൾ.....! ഒരു കുറിപ്പും. **വിശ്വസിക്കുന്നവരോടു കൂടെ ദൈവം എന്നും ഉണ്ടായിരിക്കും.** ലെനയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി.... അവൾ ദൈവത്തിന് നന്ദി പറഞ്ഞു. അപ്പോൾ ഒരു ഗാനം എവിടെ നിന്നോ ഒഴുകിയെത്തി...... **അന്നു തിങ്കൾകല പാടി.... ഗ്ലോറിയ.....**

**അനിറ്റ മേരി ജെയ്സൺ**

# എന്റെ വിദ്യാലയം



വിട പറഞ്ഞ് പോകുന്ന വിദ്യാർത്ഥികളോട്

ഒരു കലാലയം പറയാൻ കൊതിച്ചത്,

തിരിഞ്ഞുനോക്കാതെ പടിയിറങ്ങു.

നനയുന്ന ഒരായിരം കണ്ണുകൾ പരസ്പര-

ബന്ധമില്ലാതെ വിദ്യാലയത്തിന്റെ പടിവാതി-

ലിലേക്ക് പുഞ്ചിരിതൂകി നിൽക്കുകയാണ്.

നിലാവെളിച്ചത്തിൽ ഒരു ചന്ദ്രനുണ്ടെങ്കിൽ

ആ ചന്ദ്രനാണെന്റെ വിദ്യാലയം.

അറിവ് നൽകുന്ന ഒരു പുഴ-

യാണെന്റെ വിദ്യാലയം.

എന്റെ വിദ്യാലയം എന്റെ വിദ്യാലയം

എത്ര സുന്ദരമാണെന്റെ വിദ്യാലയം .....

**അന്നാ മരിയ ജോർജ്ജ്**

# പൂവേ നിനക്കായി

പൂവേ നിൻ മേനിയഴകിൻ
രഹസ്യം ചൊല്ലാമോ..?
നീ എത്ര പേരുടെ കരളിനു കുളിർമയേകി
എന്നു ചൊല്ലാമോ ...?
നിൻ കവിതകൾ പാടാമോ?
കഥ നല്ലൊന്നു പറയാമോ?





വിരിയുന്ന ഇതളിനും കൊഴിയുന്ന
ഇതളിനും പറയുവാനുണ്ടൊരു
രഹസ്യ മന്ത്രം..
അത് മാനവരാശിക്കാവശ്യമാണ്
ബുദ്ധിയിൽ വയ്ക്കുക കൂട്ടുകാരെ.
ചെവിയോർത്തിരിക്കുക
ചൊല്ലിടും പൂവതിൻ രഹസ്യ മന്ത്രം...

എൻ ജീവനായ പൂവേ....നീ എന്റെ മാത്രമാകില്ലേ.....?
ഞാൻ എന്നും നിനക്കായി പാടാം....
എന്നെ നിനക്കായി നൽകാം......

**ഗോപിക എ.ൻ**

# ഇന്ത്യ നേരിടുന്നവെല്ലു വിളികൾ



ഒരു ജനാധിപത്യ രാജ്യമായ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ അനേകമാണ്. ഇതിനെ മറികടക്കുവാൻ നാം ഭാരതീയർ ഒന്നിച്ച് പ്രവർത്തിക്കുക തന്നെ വേണം. ഇന്ത്യ നേരിടുന്ന വെല്ലു വിളികളിൽ പ്രധാനമാണ് ദാരിദ്ര്യം തൊഴിലില്ലായ്മയും. തൊഴിലില്ലായ്മയിൽ നിന്നാണ് ദാരിദ്രം ഉണ്ടാകുന്നത് എന്നത് ഒരു തരത്തിൽ ശരിയാണ്. നമ്മുടെ നാട്ടിലെ കാൽ ഭാഗം ജനങ്ങളും ദരിദ്രരാണ്. നാം ആഹാരം വെരുതെ പാഴാക്കുമ്പോൾ അതിനായി കൊതിക്കുന്നവരുടെ നിലവിളി കൂടി നാം ഓർമിക്കേണ്ടതുണ്ട്. സമ്പന്നർ കൂടുതൽ സമ്പന്നരായി കൊണ്ടേ ഇരിക്കുന്നു. അതു പോലെ ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേക്കും. ഇതിനൊരു അറുതി വേണം.കാരണം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇന്ന് നിറവേറ്റാൻ സാധിക്കുന്നില്ലെങ്കിൽ അത് നമ്മുടെ വളർച്ചയെ പരിഹസിക്കുന്ന ഒന്നാണ്. അവരെ പഠിപ്പിക്കാനും മറ്റും എടുത്ത ലോണുകളും മറ്റും തിരിച്ചടയ്ക്കാനാവാതെ ഒരു മുഴം കയറിൽ



ജീവനൊടുക്കിയ എത്രയോ മാതാപിതാക്കൾ. ഈ വെല്ലുവിളികളെ ധീരമായി ചെറുക്കാനും ദരിദ്ര ജനങ്ങളും നമ്മുടെ സഹോദരരാണ് എന്ന മനോഭാവത്തോടെ അവരെ പരിചരിക്കാനും നമുക്കാവണം...എല്ലാ ജനതകളും ഒന്നാണെന്നും എല്ലാ മനുഷ്യരിലും ഓടുന്ന രക്തത്തിന് ചുവന്ന നിറമാണെന്നും ആരും മനസ്സിലാക്കുന്നില്ല,അത് നാം അംഗീകരിച്ചിരുന്നുവെങ്കിൽ ഇന്ന് ഇത്രയും വർഗ്ഗീയ കൊലപാചകങ്ങൾ ഉണ്ടാകില്ലായിരുന്നു.എല്ലാവരും നിസ്സാഹയരാകുന്ന അവസ്ഥയാണ് മതങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ.ആർക്കും ഒന്നും ചെയ്യാനാവാത്ത ദുരവസ്ഥ.ഇതിനെതിരെ നമുക്ക് ഒന്നും ചെയ്യാനാവില്ല.ഇവിടെ വേണ്ടത് ബോധവൽക്കരണമാണ്.എല്ലാ മനുഷ്യരും ഒന്നാണെന്നും അവരെ സഹോദരരായി കണക്കാക്കണമെന്നും എല്ലാവരും മനസ്സിലാക്കുകയാണെങ്കിൽ ഈ ലോകം എത്ര സുന്ദരമായിരിക്കും..............

*സായൂജ്യ സിൽജ*

# അമ്മ എന്ന പ്രപഞ്ച പോരാളി



*നിദ്രതൻ ഹസ്തമെന്നെ പുണർന്നിടുമ്പോഴും*
*നിദ്രാദേവിയെന്നിൽ അപ്രീതി നേടുമ്പോഴും*
*ഒരു മുഖമെന്നിൽ തെളിയുന്നവത്*
*ഒരു ഹിമതുള്ളിയായി അലിയുന്ന*
*അതീ പ്രപഞ്ചത്തിൻ പ്രിയ പോരാളി*
*അതെൻ അമ്മയല്ലേ......*

*അമ്മിഞ്ഞ പാലിൻ മധു നുകർന്നും*
*താരാട്ടിൻ താളത്തിൽ കിനാവ്*
*കണ്ടുമെൻ ശൈശവം ധന്യമാക്കിയ*
*മാതാപിതാക്കളെ നിങ്ങൾക്കു വന്ദനം...*



*ബാല്ല്യത്തിൽ പിതൃവേർപ്പാടിൽ*
*മനം തകർന്ന ഞാനെങ്കിലും*
*അമ്മ ചൂടേകിയെനിക്ക്*
*ആത്മവിശ്വാസത്തിൻ നറുമലർ.*



*പട്ടിണിക്കിടയിലും മാറോടുചേർത്തെന്നെ*
*പണക്കാരനാവാൻ പറഞ്ഞുവിട്ടു*

*അമ്മതൻ അധരത്തിൽ നിന്നും*
*കിനിയുമാ രക്തത്തിലമ്മതൻ*
*ആശകൾ അലിഞ്ഞുവോ പേറ്റുനോവാൽ നീ പുളഞ്ഞു*
*അന്ത്യദിനം വരെ*
*നിൻ അന്ത്യദിനം പോലുമെനിക്ക-*
*ന്യമായി...*

*ഇന്നു ഞാനെൻ ബാൽക്കണിയിലിരിപ്പൂ*
*അമ്മേ നിന്നെയോർത്ത്*
*എൻ വിജയത്തിൻ ഉറവിടം*
*ധൈര്യത്തിൻ ഉറവിടം*
*അമ്മേ നീ മാത്രം...*

***ഈ പ്രപഞ്ചത്തിലെ പോരാളി   അമ്മേ നീ മാത്രം...***

***അലീന സുരേഷ്***

# Get Adventurous




Those times you were told as a toddler to not play in the dirt can b shrugged off once you're old [ and brave] enough to ride a dirt bike ! If you like the idea of revving a bike while making your way up a hillock of dirt or a muddy trail while throwing in a few stunts like wheelies and stoppies, you have ll the making of a dirt bike rider!

However, you ought to remember that being able to ride a mainstream bike does not mean you can easily take to a dirt bike . Dirt bike riding comes with its own cod of handling and maintaining the vehicle . As light as dirt bike look , they can endure a variety of terrains and weather . almost every photo you see of a dirt bike rider , you will notice hat the rider wears adequate protection. No matter the adrenaline or risk, safety is crucial. Ensure you have the appropriate and necessary gear before you take on the thrill of dirt bike riding.



*Ann maria Mathew*




ഞാനന്ന് ഏകയായിരുന്നു
എൻ കണ്ണു നിറഞ്ഞിരുന്നു
ആരുമില്ലെനിക്കാശ്വാസമേകാൻ
ഞാൻ കരയുകയായിരുന്നു...




ഒരു നിമിഷം ഞാൻ നോക്കി
എൻ നിഴലിനെ
എനിക്കായി മാത്രം കരഞ്ഞ
എന്റെ കൂട്ടുകാരിയെ

പിന്നെ ഞാൻ കരഞ്ഞില്ല
ആശ്വാസമേകുവാൻ,എനിക്കായി
കരയാൻ എനിക്കു മാത്രം സ്വന്തമായ
എൻ നിഴലുണ്ടല്ലോ.........

*ആദിത്യ എം കെ*

# THE REAL FRIEND




Once upon a time there lived a hen and egrets. They are very good friends. They helped each other in every problems. The fox was very jealous with the friendship of hen and egrets. The fox made many problems to brake the friendship of hen and egrets. But they did not brake up. The last trick successfully gone to fox,that is the hen and egret stop their friendship.

One day hen gone to forest to search his prey. At that moment egret also searching his prey. The egret saw that the fox is waiting for hen to eat. The egret saved the hen from the cruel fox. That moment onwards hen and egret become friends.

***Ann Maria Anil***




# ദാരിദ്രത്തിന്റെ നാളുകൾ

പുലിയൂർ എന്ന കൊച്ചുഗ്രാമത്തിൽ ദരിദ്രനായ സാബുവിന്റെയും സിനിയുടെയും മകനായിരുന്നു അപ്പു. അമ്മയെയും അച്ഛനെയും എല്ലാ കാര്യങ്ങളിലും സഹായിക്കുകയും അവരെ അനുസരിക്കുകയും ചെയ്തിരുന്നു. അവന്റെ അച്ഛന് വാഹനം ഓടിക്കുന്നതാണ് ജോലി. അമ്മ ഒരു പണിക്കും പോകുന്നില്ല. ഏക മകനായിരുന്നതുകൊണ്ട് അവനെ വീട്ടിലെ കഷ്ടം അറിയിക്കാതെയാണ് വളർത്തിയത്. എന്നാലും അപ്പുവിന് അറിയാമായിരുന്നു തന്റെ അച്ഛനും അമ്മയും തന്നെ വളർത്താനായി ഒരുപാട് കഷ്ടപ്പെടുന്നുണ്ടെന്ന്. ഈ കാരണങ്ങൾക്കൊണ്ടൊക്കെ അവൻ തന്റെ കൊച്ച് കൊച്ച് ആഗ്രഹങ്ങൾ ഒന്നും പുറത്തു പറഞ്ഞിരുന്നില്ല. അങ്ങനെ ഒരു നാൾ അവന്റെ അച്ഛൻ മരിച്ചു. ശേഷം അവരുടെ ജീവിതം വളരെ ക്ലേശകരമായിരുന്നു. അവൻ തന്നെ പണിക്കു പോയി വേണംഅമ്മയ്ക്കു മരുന്ന് വാങ്ങാനും അവന്റെ സ്കൂൾ ഫീസ് അടയ്ക്കാനും. ഹോട്ടൽ ജോലിയായിരുന്നു അവന്റെ ഉപജീവന മാർഗം. എന്നാൽ ആ ഹോട്ടലിലെ ഉടമസ്ഥൻ വളരെ നല്ലവനായിരുന്നു. അയാൾ അവനെ സഹായിക്കുകയും അമ്മയുടെ ശുശ്രൂഷയ്ക്കാവശ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തു. അങ്ങനെ അവൻ കഠിനമായി പഠിച്ച് ആ നാട്ടിലെ തന്നെ കളക്ടറായി. ആദ്യ ശമ്പളം അവൻ പള്ളിക്കു കൊടുത്തു. പിന്നീട് ഒരു നല്ല വീടു പണിത് അവൻ സന്തോഷമായി ജീവിച്ചു. ആ നാട്ടുകാർ അവനെ ബഹുമാനത്തോടെ നോക്കി. അങ്ങനെ ആരോരുമില്ലാത്തവർക്ക് ദൈവം ഉണ്ടെന്ന സത്യം അവൻ മനസ്സിലാക്കി. അത് മനുഷ്യന്റെ രൂപത്തിൽ നമ്മുടെ മുൻപിൽ അവതരിക്കുമെന്ന യാഥാർത്ഥ്യവും അവൻ മനസ്സിലാക്കി.

ശരണ്യ എം

# മഴ



ഞാൻ പുറത്തേക്കു നോക്കുമ്പോൾ

ഭീകരമായ ശബ്ദം

എന്താണെന്നറിയാൻ ഞാൻ

ആ ജാലകത്തിലൂടെ ഒന്നു നോക്കി.

അതാ ദൂരെയൊരു പെൺകുട്ടി !

എന്തിനെയോ നോക്കി അസ്വദിച്ചു നിൽക്കുന്നു

ഞാൻ ആകാശത്തേക്ക് നോക്കി !

അതാ മഴത്തുള്ളികൾ ആകാശത്തിൽ നിന്ന്

ഭൂമിയിലേക്ക് പതിക്കുന്നു.

ഞാൻ ഒരു നിമിഷം നിർഭയഭരിതയായി പോയി !

ഞാൻ ചിന്തിച്ചു ,

മഴക്കെന്തിനാണ് ദൈവം ഇത്രയേറെ

സൗന്ദര്യം കൊടുത്തിരിക്കുന്നത്.

ചിലപ്പോൾ സമാധാനത്തിന്റെ

കണ്ണീർ കണങ്ങൾ ആയിരിക്കാം.

എന്തിനാണെന്നറിയില്ല ?

എന്തു കൊണ്ടെന്നറിയില്ല ?

*അപർണ രവി*

# കുസൃതികളുടെ വികൃതികൾ




1) നീ എങ്ങനെയുണ്ടായി?

-ന എഴുതി കെട്ടുവള്ളിയിടുമ്പോൾ നീ ഉണ്ടാകുന്നു.

2) ആനക്കു നിൽക്കാൻ തണലുണ്ട് ഉപ്പ് പൊതിയാൻ ഇലയില്ല?

-പുളിയില

3) തവളയുടെ വ എവിടെ

-നടുക്ക്

4) തുറക്കാൻ പറ്റാത്ത ഗെയിറ്റ്?

-കോൾഗെയിറ്റ്

5) മീനുകൾ പേടിക്കുന്ന ദിവസം? -ഫ്രൈ ഡേ

6) ചിരിക്കുന്ന സെന്റ്? -ഇന്നസെന്റ്

7) ഒരക്ഷരം പോയാൽ കുഴപ്പമാകുന്ന വസ്തു? -കുഴലപ്പം

8) ആമയെ മറിച്ചിട്ടാൽ? -മറിയാമ്മ

9) കഴുത്തിലണിയാൻ പറ്റാത്ത മാല? -തിരമാല

10) കൈയ്യിലിടാൻ പറ്റാത്ത വള? -തവള

11) ഒരു t യുംനാല് g യുംചേർന്നുണ്ടായ വാക്ക്? -ഒറിജിനാലിറ്റി

12) സമയത്തിനു പിന്നിലുള്ള രഹസ്യം? -യന്ത്രം

*ലക്ഷ്മി മോഹനൻ*

# DANGERS OF DRUG ABUSE



**Drugs are chemical that affect the body and brain. Some of it's affects are long lasting and permanent. The main problem of the drug abuse, is**

**the youth become addicted to it and cannot change**

**at his will.**

**There are three ways a person can take drugs include injection and inhalation. The injection of drugs has an immedicate impacts**

**There are different reasons for the youth drug abuse including:**

**Family history of substance abuse.**

**Depression and anxiety.**

**Impulsive behaviour.**

## *HEALTH AFFECTS OF DRUGS*

**Drug usage can result in addiction, illness and death. Health risk of commonly used drugs are risk of heart attack and stroke, inhalents rick of heart damage lungs, liver and kidneys from long term use.**

**Cathirene Maria Tomy**



# ദാരിദ്രത്തിൻ ലോകം

ഭാരതംഎന്റെ സ്വന്തം നാട് എന്നനാം അഹങ്കരിക്കുമ്പോഴും എല്ലാം നേടി എന്ന് സ്വയം വീമ്പിളക്കുമ്പോഴും നാം ചിന്തിക്കുന്നില്ല. ഇന്ത്യ ഒരു അഴിമതി രാജ്യമായി മാറി എന്ന കഥ. ഇതിൽ നീ എന്നോ ഞാനെന്നോ കുറ്റപ്പെടുത്തേണ്ട കാര്യമൊന്നുമില്ല. കാരണം ഭാരതത്തിലെ ഓരോ പൗരനും ഇതിന്റെ ഉത്തരവാദികളാണ്.

നമ്മുടെ സുഖത്തിനും നാടിന്റെ നന്മക്കും വേണ്ടി നാം തിരഞ്ഞെടുത്ത നമ്മുടെ ഭരണാധികാരികൾ നമ്മെ കബളിപ്പിക്കുമ്പോൾ, രാഷ്ട്രീയനേതാക്കളുടെ പാഴ്വാക്കു കേട്ടു എടുത്ത് ചാടുമ്പോൾ നാം ചിന്തിക്കുന്നില്ല. പത്രവും ടി.വിയുമാണ് യഥാർത്ഥ ലോകം എന്ന് ചിന്തിക്കുന്ന മൂഢരായ മനുഷ്യരോട് എനിക്കൊന്നേ ചോദിക്കാനുള്ളു. ഇനി എപ്പോഴാണ് മാറുക?
ആഢംഭരം ഇന്ന് എല്ലാവരിലും ഒഴിച്ചുകൂട്ടാൻ പറ്റാത്ത ഒന്നായി മാറിയിരിക്കുന്നു. പാവപ്പെട്ടവരുടെ നിലവിളി ആര് കേൾക്കും?അവർക്കുവേണ്ടി ആരു ശബ്ദമുയർത്തും? കൈയിൽ പണമുള്ളവന് അധികാരം എന്നുള്ള സ്ഥിതി മാറണം. എല്ലാ അവകാശവും എല്ലാവർക്കും ഒരുപോലേ ലഭിക്കണം. വഴിയരികിൽ നശിച്ചുപോകുന്ന അനേകം അനാഥബാല്ല്യങ്ങൾ. ഇതിനൊക്കെ ആര് ഉത്തരം പറയും എന്നൊക്കെ എല്ലാരും ചോദിക്കുന്ന സ്ഥിരം ചോദ്യമാണ്. ഇതിന്റെ ഉത്തരം പറയാൻ സമയമായിരിക്കുന്നു. നാം തന്നെ . നശിച്ചു പോകുന്ന ജീവിതങ്ങൾ രക്ഷിക്കുക ചിലരുടെ മാത്രം ജോലിയല്ല. ഓരോ ഭാരതീയനും അതിൽ കടമയുണ്ട്. എന്നും ചൊല്ലുന്ന പ്രതിജ്ഞ നടപ്പാക്കണം..........ദാരിദ്രം എന്നത് പറഞ്ഞാൽ നമുക്ക് മനസ്സിലാകില്ല...അത് അനുഭവിക്കുക തന്നെ വേണം..................

*അനിൻ ബോബി*

# The value of Friendship

A friend is a blessing from god. We all need good friends. We cannot lead happy life without good friends. A friend supports us when we are in trouble.They gives encouragement .They will be happy when we are happy .They will do every thing to make us happy.



We should be very careful in selecting friends. If you fail in selecting good ones,you will be in trouble. Let us consider a story here. Once,two friends set out on a long journey. On their journey they had to pass through a forest. There were many wild animals in that forest. One said ,'MY DEAR DO NOT BE AFRAID OF THE WILD ANIMALS . I' AM WITH YOU. NO ANIMAL WILL HARM YOU.'

After sometime, they saw a bear coming towards them. Both of them were afraid .One climbed on a tree leaving the other down .He had made the promise a little earlier . Any how the other one was more intelligent. He lay down on the ground like a dead man .The bear smell the body and moved away .It proved that the previous one was not a good friend .

A true friend is the one who is with you when you are in 'TROUBLE'.

**Nidhina Dipu**

# അസ്തമിക്കാത്ത വിജയ സൂര്യൻ



എല്ലാം നിശബ്ദമായിരുന്നു. ചന്ദനത്തിരിയുടെ സുഗന്ധം ഒരു മൂളി പാട്ടുപ്പോലെ ഉയരുന്നുണ്ട്. ചുറ്റും മന്ത്രോച്ചാരണങ്ങൾ മാത്രം. അച്ഛൻ നിശ്ചലനായി കിടക്കുന്നു. അമ്മ കരയുകയാണ്. അമ്മ എന്തിനാണ് കരയുന്നത്? ഒരിക്കൽ അച്ഛൻ പറഞ്ഞത് ഓർമ വന്നു. ആവശ്യമില്ലാതെ കരയരുത്. ഒന്നുകിൽ ദേഹം നോവണം അല്ലെങ്കിൽ വേണ്ടപ്പെട്ടവർ മരിക്കണം. ഇപ്പോൾ അമ്മയ്ക്കെല്ലാം നഷ്ടപ്പെട്ട സ്ഥിതിയാണ്. ജനങ്ങൾ മുറ്റം നിറയെ തിങ്ങിനിറഞ്ഞിരുന്നു. വാർധക്യം നിറഞ്ഞ എന്റെ വീടിന് ഇത്രയധികം ആളുകളെ താങ്ങാനാകുമായിരുന്നില്ല. അച്ഛൻ ജീവിച്ചിരുന്നപ്പോൾ ആരും ഇത്രക്കു വന്നിട്ടില്ല. എന്നാലിപ്പോൾ......... അച്ഛനെ പറ്റിച്ചവരും,കുറ്റം പറഞ്ഞവരും ഒക്കെയുണ്ടായിരുന്നു വന്നവരുടെ കൂട്ടത്തിൽ. അച്ഛനെ അഗ്നിദേവൻ കൊണ്ടുപോയി. ഒരുവീരസൂര്യന്റെ അസ്തമയമാണവിടെ നടന്നതെന്ന് എനിക്ക് വളരെ വൈകിയാണ് മനസ്സിലായത്.....

ശാന്തസുന്ദരമായ ഒരു ഗ്രാമമായിരുന്നു ഗാന്ധിനഗർ. ആ നാട്ടിലെ ജനങ്ങൾ സംതൃപ്തരായിരുന്നു. ആ നാട്ടിലെ ഒരു ധീരനായ യുവാവായിരുന്നു
**ശക്തി.** ജനങ്ങൾക്കു വേണ്ടി ജനിച്ച്,ജീവിച്ച് അവസാനം കാലം അപഹരിച്ച ഒരു യഥാർത്ഥ പടയാളി.
എന്നാൽ ശക്തിയുടെ നല്ല കാലം വളരെ പെട്ടെന്ന് അസ്തമിച്ചു. ഒരു നാൾ ജനങ്ങൾ അവനെ തള്ളിപറഞ്ഞു. ഒരു പരിഹാസപാത്രമാക്കി. ക്രമേണ അവൻ ഒരു തികഞ്ഞ മദ്യപാനിയായി മാറി. ആരും അവനെ മനസ്സിലാക്കിയില്ല.
സ്വന്തം ഭാര്യപോലും. എല്ലാവരും കളിയാക്കിയിട്ടും അവൻ തളർന്നില്ല.പിടിച്ചു നിന്നു. ജീവിതവിജയം നോട്ടുകെട്ടുകൾ സമ്പാദിക്കുന്നതിലല്ല എന്ന് അവൻ മക്കളെ പഠിപ്പിച്ചു. നാം കാരണം മറ്റുള്ളവരുടെ മിഴികൾ നിറയാൻ പാടില്ല എന്ന് സ്വന്തം മിഴികൾ നിറയുമ്പോഴും അവൻ പറഞ്ഞു.ജീവിതത്തിൽ എല്ലാവരും തള്ളി പറഞ്ഞിട്ടും ഒരാൾ മാത്രം അവനെ അംഗീകരിച്ചു. സ്വന്തം മകൾ. അച്ഛൻ പറഞ്ഞ ഓരോ കാര്യങ്ങളും അവൾ മനസ്സിൽ സൂക്ഷിച്ചു.

പ്രകാശത്തെക്കാൾ വേഗതയേറിയ ഒരു പ്രതിഭാസം കണ്ടുപിടിച്ചാൽ കാലചക്രം മുന്നോട്ട് കൊണ്ടുപോകാനാവുമെന്ന് അവൾക്ക് പറഞ്ഞു കൊടുത്തു.

ജീവിതത്തിൽ ആരുടെയും മുൻപിൽ കൈ നീട്ടരുതെന്നും അദ്ധ്വാനിക്കാൻ മടി കാണിക്കരുതെന്നും ഉപദേശിച്ചു. സ്വന്തം മനസ്സിന് ശരിയെന്ന് തോന്നുന്നത് ചെയ്യാം. അതിന് ആരുടെയും അനുവാദം വാങ്ങേണ്ട ആവശ്യവുമില്ലെന്ന് അവൻ പറഞ്ഞു. തെറ്റ് ചെയ്യുന്നതാരാണെങ്കിലും അവർക്കെതിരെ തിരിയാം അതിന് പ്രായം ഒരു പ്രശ്നമല്ലെന്ന് അയാൾ പറഞ്ഞു.



ശക്തി പറഞ്ഞത് നൂറു വട്ടം ശരിയായിരുന്നു. എന്നാൽ അയാളെ ആരും കേട്ടില്ല. കാരണം അയാൾ മദ്യപിച്ചിട്ട് പറയുന്നതാണെന്ന് കരുതി ആരും ശ്രദ്ധിച്ചില്ല. അങ്ങനെ അവസാന നിമിഷം പോലും ആരും അയാൾക്ക് ചെവി കൊടുത്തില്ല. എന്നാൽ മരിച്ചശേഷം എല്ലാവരും അയാളെ തിരിച്ചറിഞ്ഞു. അയാളുടെ മഹത്വം മനസ്സിലാക്കി. അതിന് കാരണം അയാളുടെ മകളാണ്. അച്ഛനെ ദൈവമായി കണ്ട അവളുടെ ഡയറികുറിപ്പുകളാണ്. ഒരുപക്ഷേ ജീവിച്ചിരുന്നപ്പോൾ അയാളെ നാം നമിക്കേണ്ടതാണ്. എന്നാൽ ലോകം അയാളെ മനസ്സിലാക്കിയത് എത്ര വൈകിയാണ്. ഇന്നും ഇതുതന്നെ സംഭവിക്കുന്നു. ആരും ആരെയും മനസ്സിലാക്കുന്നില്ല.

ഞാൻ അച്ഛനെ മനസ്സിലാക്കാൻ ഞാൻ വൈകി പോയി. എന്റെ പിതാവിനെ ഞാൻ മാനിച്ചില്ല. അച്ഛനെ അനുജത്തികൂടി അംഗീകരിച്ചില്ലായിരുന്നുവെങ്കിൽ അച്ഛന്റെ മഹത്വം അച്ഛനോടൊപ്പം തീയിൽ ജ്വലിക്കുമായിരുന്നു. ഇന്ന് അച്ഛന്റെ സ്വരം എന്റെ കാതുകളിൽ മുഴങ്ങുന്നു. ഇനിയുമിതുപോലെ എത്ര ജന്മം ജനിക്കണം എനിക്ക് അച്ഛന്റെ മകനാകുവാൻ. അറിയില്ല. അച്ഛൻ ഒരു വീരസൂര്യനാണ്. ജനങ്ങൾ അംഗീകരിക്കാതെ പോയ അവരുടെ തലവൻ. ആയിരം വട്ടം ഗംഗയിൽ സ്നാനം ചെയ്താൽ ലഭിക്കുമോ എനിക്കെൻ അച്ഛനെ..........?

നയന ഷാജി

# നമ്മുടെ കേരളം



1) കേരളത്തിന്റെ തലസ്ഥാനം?

-തിരുവനന്തപുരം

2) കേരളത്തിലെ ആകെ നദികൾ?

-44

3) കേരളത്തിലെ ഏറ്റവും വലിയ മല?

-ആന മല

4) കേരളത്തിൽ നിന്നും കർണാടകത്തിലേക്കു ഒഴുകുന്ന നദി?

-കബനി

5) പെരിയീർ തടാകം എവിടെ സ്ഥിതി ചെയ്യുന്നു?

-ഇടുക്കി

6) കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന സ്ഥലം?

-ആലപ്പുഴ

7) കേരളത്തിലെ ആകെ കായലുകൾ?

-34

8) വന വൃക്ഷങ്ങളുടെ ചക്രവർത്തി എന്നറിയപ്പെടുന്നത്?

-തേക്ക്

9) ഏഴിമല നാവിക അക്കാദമി ഉദ്ഘാടനം ചെയ്ത വർഷം?

-എ ഡി 2008

10) ഏറ്റവും കൂടുതൽ കാലം മുഖ്യ മന്ത്രിയായിരുന്ന വ്യക്തി?

-ഇ കെ നയനാർ

11) മലയാളത്തിലെ ആദ്യത്തെ സംഗീത നാടകം?

-സംഗീതനൈഷധം

12) ഖസാക്കിന്റെ ഇതിഹാസത്തിന്റെ ഉപജ്ഞാതാവ്?

-ഒ വി വിജയൻ

കാവ്യ കെ

# PUZZLE

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 C | | | | 7 O | | | | | | |
| | H | | | | S | | | | | | |
| 2 W | A | N | | | B | | | 9 E | | | |
| | R | | | | O | | | N | | | |
| | L | | | | R | | | I | | 6 A | |
| | E | | | 5 E<br>8 | N | G | L | A | N | D | |
| | S | | | N | E | | | C | | A | |
| | B | | | G | | | | | | M | |
| 4 P | A | 10 N | | E | | | | | | | |
| | 3 B | I | L | L | | | | | | | |
| | B | K | | B | | | | | | | |
| | A | O | | E | | | | | | | |
| | G | L | | R | | | | | | | |
| | E | A | | T | | | | | | | |



## DOWN

1. Who is the father of computer ?
5. Who invented mouse ?
6. Who invented laptop ?
7. Which company invented first laptop ?
9. What is the name of first computer ?
10. Who is the father of technology ?

## ACROSS

2. What is the largest type of network ?
3. Who is the father of laptop ?
4. Which is the smallest type of network ?
8. Which country first invented computer ?

*Harinandhana P V*



# ചങ്ങായിമാർ

അച്ചുവും കുഞ്ചുവും  നല്ല കൂട്ടുകാരാണ്. എന്ത് ഉണ്ടായാലും അവർ പരസ്പരം പറയും. അവർക്കിടയിൽ ഒരു പുതിയ അതിഥി കടന്നു വന്നു. ദിയ അതാണവളുടെ പേര്. അവർ മൂന്നു പേരും നല്ല കൂട്ടുകാരാണ്. പക്ഷെ  S.S.L.C കഴിഞ്ഞ് ദിയ പോയി.  അവർക്ക് വളരെ സങ്കടമായി. അച്ചു മഹാ തരികിടയും കുഞ്ചു പാവവുമാണ്. അവൾ ഏതു കാര്യവും ചിന്തിച്ചേ ചെയ്യൂ. അവക്കു പര്സ്പരം നല്ല വിശ്വാസമാണ്. പക്ഷെ അവരുടെ  ഫ്രണ്ട്ഷിപ്പ് ആർക്കും ഇഷ്ടമില്ലായിരുന്നു. പല കാരണങ്ങൾ കൊണ്ട് അവർ പിണങ്ങിയിട്ടുണ്ട്. മനസ്സുകൊണ്ടല്ല വാക്കുകൾ കൊണ്ട്. അച്ചുവിന് വീട്ടുകാരെയുംകാൾ കൂടുതൽ ഇഷ്ടം കൂട്ടുകാരെയാണ്. അച്ചു എന്തു തീരുമാനം എടുത്താലും കുഞ്ചുവിനോട് ചോദിക്കും . അച്ചുവിനെ നിയന്ത്രിക്കാൻ കുഞ്ചുവിനും ദിയക്കും മാത്രമേ സാധിക്കൂ. പിന്നെ അവളുടെ റ്റിൻസി ടീച്ചറിനും. പക്ഷെ ടീച്ചറിന് വലിയ സ്നേഹമൊന്നുമില്ല. അച്ചു എല്ലാവരെയും വിശ്വസിക്കും എന്നാൽ കുഞ്ചു ആരെയും പെട്ടെന്ന് വിശ്വസിക്കില്ല. എന്ത് കിട്ടിയാലും അവർ പങ്കിടും. അതൊന്നും ആർക്കും ഇഷ്ടമില്ല. രണ്ടു പേർക്കും പഠിക്കാൻ നല്ല കഴിവുണ്ട്. എന്നാൽ രണ്ടു പേരും നന്നായി ഉഴപ്പുന്നു. അവർക്ക് പരസ്പരം എന്തു വന്നാലും സഹിക്കില്ല.  കാലം കഴിഞ്ഞു. അവർ പത്താം ക്ലാസ്സിലെത്തി. ക്ലാസ്സ് ആരംഭിച്ചു. അവർക്കിടയിൽ ഒരു പുതിയ കൂട്ടുകാരി വന്നു. സ്നേഹ അതാണ് അവളുടെ പേര്. മൂന്ന് പേരും നല്ല കൂട്ടുകാരാണ്. സ്നേഹ വന്നതോടെ അച്ചുവും കുഞ്ചുവും നന്നായി പഠിക്കാൻ തുടങ്ങി. ഇപ്പോൾ എല്ലാവർക്കും ഇവരെക്കുറിച്ച് നല്ല അഭിപ്രായമാണ്. ഈ സൗഹൃദങ്ങൾക്ക് ഒരിക്കലും അവസാനമില്ലാത്തതാണ്.........

*അദോഷ മരിയ ബെന്നി*

# എന്റെ ഗുരു നാഥന്



ഇരുൾ മാഞ്ഞുവെന്നിലെ
ഇരുണ്ട യാമങ്ങളിൽ
ഇന്ന് അകലേക്ക മറയുന്നിതാ...

തിരിനാളം തെളിയിച്ച
ഗുരുനാഥന് മുൻപിൽ
പ്രണമിപ്പൂ തൊഴുകൈയുമായി...

അറിവിന്റെ വേരുകൾ
നിറയിച്ചുവെന്നിൽ
നിറദീപമായിന്നു ഞാൻ

കൈ കൂപ്പി നിൽക്കുന്നു ഞാൻ
അകതാരിലർപ്പണം
പുഷ്പദളങ്ങളാൽ

**നിവ്യ സാബു**

# വിദ്യാഭ്യാസവും വിവരസങ്കേതികവിദ്യയും

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് പറയുന്നത് മനുഷ്യന്റെ ഉയർച്ചക്കും അതിലൂടെ മറ്റുള്ളവർക്ക് ലഭിക്കുന്ന അറിവുമാണ്.തന്റെ ഉയർച്ചക്ക് വേണ്ടിയും ജീവിതത്തിന് വേണ്ടിയും സഹായിക്കുന്ന ഒരു ഘടകമാണ് വിദ്യാഭ്യാസമേഖലയിൽ നിന്നും ലഭിക്കുന്നത്. വിദ്യാഭ്യാസം കൂടാതെ ഉയർച്ചയിലേക്ക് പോകാൻ സാധിക്കുകയില്ല. വിദ്യാഭ്യസത്തിന് വേണ്ട സാമഗ്രഹികൾ ഇപ്പോൾ ലഭ്യമാണ്. വിദ്യലയങ്ങളുളിൽ



കുട്ടികളുടെ വിദ്യാഭ്യാസത്തിന് മറ്റും ഉപകരിക്കുന്ന കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനങ്ങളും ഇപ്പോൾ ലഭ്യമാണ്.

ഗുരുമുഖത്തു നിന്നും കേട്ടുപഠിച്ചിരുന്ന പ്രാചീന ശിഷ്യയാണ് നല്ല കമ്പ്യൂട്ടർ യുഗത്തിലെ ആധുനിക വിദ്യാർത്ഥി. ലോകം ഒരാഗോളഗ്രാമമായി ചുരുങ്ങുമ്പോൾ നൂതന സാങ്കേതിക വിദ്യയുടെ ശക്തിയും സ്വാധീനവും വലുതായികൊണ്ടിരിക്കുന്ന



എന്നതാണ് യാഥാർഥ്യം. ആധുനിക വിദ്യാഭ്യാസത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഒന്നായി മാറികൊണ്ടിരിക്കുകയാണ് കമ്പ്യൂട്ടർ. വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകളിലും കമ്പ്യൂട്ടർ കടന്നുവന്നുകഴിഞ്ഞു. ഈ നില തുടർന്നാൽ ഇന്ത്യയിലെ ഐ.ടി സംസ്ഥാനങ്ങൾ എന്നറിയപ്പെടുന്ന ബാംഗ്ലൂരിനെയും ഹൈദരബാദിനെയും നമുക്ക് കീഴടക്കാൻ അധിക നാളുകളൊന്നും വേണ്ടിവരില്ലാ. ഈ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്തെ അടിമുടി മാറ്റിയിരിക്കുന്നു എന്നതാണ് വാസ്ഥവം.

***മിൻസ പയസ്***

# നന്ദനം

ഒരിടത്ത് ഒരു  സ്ത്രീ ഉണ്ടായിരുന്നു. ഗൗരി എന്നായിരുന്നു അവളുടെ പേര്. എല്ലാ ദിവസവും ജോലി തീർത്ത ശേഷം അവൾ വീടിന്റെ ജനാലയ്ക്കരുകിൽ ഇരിയ്ക്കുമായിരുന്നു. പതിവുപോലെ പൂന്തോട്ടത്തിൽ വെള്ളമൊഴിച്ച ശേഷം അവൾ ജനാലയ്ക്കരുകിൽ വന്നിരുന്നു.അപ്പോൾ ഒരു ദേവത



പ്രത്യക്ഷപ്പെട്ട് ഒരു വരംചോദിക്കാൻ പറഞ്ഞു. തനിക്ക്ഒരു കുഞ്ഞിനെ വേണമെന്ന് അവൾ പറഞ്ഞു. ദേവത ഒരു സുന്ദരിയായ കുഞ്ഞിനെ നൽകിയിട്ട് അപ്രത്യക്ഷമായി.

ഗൗരി അവൾക്കു നന്ദനം എന്നുപേരിട്ടു. അവൾ വളർന്ന് ഒരു യുവതിയായി. നന്ദനം പൂന്തോട്ടത്തിൽ വിശ്രമിച്ചു കൊണ്ടിരിക്കേ ഒരു വേട്ടക്കാരൻഅവളെ തട്ടിക്കൊണ്ടുപോയി.എന്നാൽ കാട്ടിൽ വച്ച് അവൾ രക്ഷപ്പെട്ടു. അവൾ പോയത് ഒരു കൊട്ടാരത്തിലേക്കായിരുന്നു. അവിടുത്തെ രാജകുമാരൻ അവളിൽ അനുരക്തനാവുകയും അവളെ വിവാഹം കഴിക്കുകയും ചെയ്യ്തു.

**ആൻമരിയ പയസ്**

# Pearls of Wisdom

1. Great thoughts speak only to the thoughtful mind but great actions speak to all mankind.

2. There is no one giant step that does it , it's a lot of little steps.

3. The gem cannot be polished without friction nor man perfected without trials

4. Unless you try to do something beyond what you have already mastered never grow.

5. The secret of success is to be ready when your opportunity comes.



6. Your happiness and success lie in you.

7. Well done is that well said.

8. Opportunities multiply as they are seized.

9. The dictionary is the only place where success comes before work.

10. To be champion ,you have to believe in your self when nobody else will.

11. Striving for success without hard work is like trying to harvest where you haven't planted.

12. You've got to win in your mind before you win in your life.

**Philomina Joby**



# നമ്മുടെ ഭൂമി


- ആയിരം മലകളുടെ നാട് എന്നറിയപ്പെടുന്നത്? -റുവാണ്ട
- ഭൂമിയിലെ ഏറ്റവും വടക്കുള്ള തലസ്ഥാന നഗരം? -റെയിൽ ജാവിക്ക്
- യു എൻ ആസ്ഥാനം എവിടെ? -ന്യൂയോർക്ക്
- വൈ എം സിയുടെ സ്ഥാപകൻ? -ജോർജ്ജ് വില്യംസ്
- വികസ്വര മുസ്ലീം രാജ്യങ്ങളുടെ സംഘടന? - ഡി-8
- സാക്ഷരത വർഷം? -1996
- മിലി തരാന ഏതു രാജ്യത്തിന്റെ തലസ്ഥാനമാണ്? -അഫ്ഗാനിസ്ഥാൻ
- സ്പെയിനിന്റെ ദേശിയ മൃഗം? -കാള
- റക്ഷ്യയുടെ ദേശിയ പുഷ്പം? -ശീമജയന്തി
- വിയറ്റനാമിന്റെ ദേശ്യ വൃക്ഷം? -മുള
- ജപ്പാന്റെ പാർലമെന്റ്? -ഡയറ്റ്

*മെറിൻ ബെന്നി*

# ചെമ്മാനം പൂക്കുമ്പോൾ............



പകലിതാ കൂടൊഴിയുന്നു....
നിശയിതാ ആഗതമാകുന്നു.....
ഇവർക്കിടയിൽ ദൂതുമായി
സന്ധ്യയിതാ നിൽക്കുന്നു......



കൂടണയും പക്ഷികളും
തല നീട്ടും ജീവികളും
എന്തോ മെല്ലെ ചൊല്ലുന്നു
സന്ധ്യയിതാ ചിരിക്കുന്നു
ആഹാ എന്തൊരഴകാ
മുത്തുമൊഴിക്ക്

എന്നാലെന്തേ പോയി
ഒന്നും മിണ്ടാതെ.....?
പെട്ടെന്ന് വന്നിട്ട്
പോകുന്നവിശ്വസുന്ദരി
നിനക്ക് വന്ദനം

അലീന റോയി


# പ്രകൃതിയും പരിസ്ഥിതിപ്രശ്നങ്ങളും



നമ്മുടെ മനോഹരമായ കൊച്ചു കേരളം ഭൂപ്രകൃതിയാലും പ്രകൃതിരമണിയതയാലും അതി മനോഹരമായ സംസ്ഥനമാണ്. മലനിരകളാലും അതിമനോഹരമായ പച്ചപ്പുകളാലും സന്തുഷ്ട്ടമാണ് പ്രകൃതി. പുളകളും തോടുകളും എന്നാൽ പാടങ്ങളും ഉള്ള നമ്മുടെ കൊച്ചു കേരളം എന്നാൽ ഇപ്പോൾ ചില ഭൂമാഫിയായും പണകൊതിയന്മാരും ചേർന്ന് നമ്മുടെ നാടിന്റെ വിഭവസമ്പത്തുകൾ നശിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നു. തൻമൂലം കാലവസ്ഥ വ്യതിയാനവും ഉരുൾപൊട്ടലും പ്രളയവും നമ്മുടെ പ്രകൃതിയെയും മനുഷ്യരുടെയും നിലനിൽപ്പിന് അതിവഗുരുതരമായി ബാധിച്ചിരിക്കുന്നു. നമ്മുടെ കേരളത്തിൽ നാനവിദത്തിലുള്ള വൃക്ഷദാതികളും വനസമ്പത്തും കുറ്റിചെടികളും അത്ഭുതകരമായ ആയുർവേദമരുന്നുകളും അടക്കമുള്ള സസ്യങ്ങളും നമ്മുക്ക് കൈമോശം വന്നോണ്ടിരിക്കുന്നു. അതിനാൽ നമ്മൾ ഒറ്റ കെട്ടായിനിന്ന് അതിമനോഹരമായ നമ്മുടെ കൊച്ചു കേരളത്തെ സംരക്ഷിക്കുവാൻ നമ്മൾ ഒരോരുത്തരും ബാധിസ്ഥരാണ്.

*റിയ സിബി*

# നമ്മുടെ ഇന്ത്യ




- ഇന്ത്യയിൽ പട്ടികജാതിക്കാർ ഇല്ലാത്ത് സംസ്ഥാനം? -നാഗാലാൻഡ്
- ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ ഉള്ള കേന്ദ്രഭരണപ്രദേശം? - പുതുച്ചേരി
- ജനഗണമനയുടെ രചിതാവ്? -രവീന്ദ്രനാഥടാഗോർ
- ഇന്ത്യയുടെ പൂന്തോട്ടം എന്നറിയപ്പെടുന്നത്? -ബാംഗ്ലൂർ
- താജ് മഹാൽ എവിടെസ്ഥിതി ചെയ്യുന്നു? -ആഗ്ര
- ഇന്ത്യൻ ഭരണഘടനയുടെ ശിൽപി? -ഡോ ബി ആർ അംബേദ്കർ
- ഇന്ത്യയിലെ ആദ്യത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്? -ഹരിലാൽ ജെ കാനിയ
- ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത്? -1950 ജനവരി 26
- ഭരണഘടനയുടെ മുഖ്യ രചിതാവ്? -എസ് എൻ മുഖർജി

*രമ്യ മണി*

# പ്രകൃതി



പ്രകൃതി അമ്മയാണ്. ഈ ലോകത്തുള്ള സർവ്വജീവജാലങ്ങളും സ്നേഹിക്കുന്ന നമ്മുടെ അമ്മ. പ്രകൃതി നമ്മുക്ക് വേണ്ടി എന്തെല്ലാം മനോഹരമായ കാഴ്ചയാണ് ഒരുക്കി വെക്കുന്നത്. കളകളാരവമൊഴുകുന്ന അരുവികൾ വലിയ നദികൾ തടാകങ്ങൾ മരങ്ങൾ ചെടികൾ മലകൾ എന്നിങ്ങനെ നിരവധി കാഴ്ചകളാണ് പ്രകൃതി നമ്മക്ക് സമ്മാനിക്കുന്നത്. പ്രകൃതിയാകുന്ന അമ്മയെ നാം ഒരിക്കലും നശിപ്പിക്കരുത്. നല്ല മനസ്സുള്ള അർക്കും പ്രകൃതി ഭംഗി അസ്വദിക്കാൻ സാധിക്കും. പ്രകൃതിയെന്നത് സൗന്ദര്യം നിറഞ്ഞുനിൽക്കുന്നയവസ്ഥയാണ്. പ്രകൃതി ദൈവം നൽകി. ഏറ്റവും വലിയ സമ്മാനമാണ്.

സ്റ്റിവ ഫെലിക്സ്

# പൂക്കാലം വരവായി.....



നിറങ്ങൾ വാരി വിതറിയപോലെ
നാടാകെ പരന്നുകിടക്കുമാ
പൂക്കളെ കാണാൻ
നല്ല ചന്തമാണേ...
ഇത് നൽകുന്നു
എല്ലാവർക്കും
സന്തോഷം, ആനന്ദം
ആഹ്ലാദമേ........
പുഞ്ചിരിക്കുമാ പൂക്കൾ കണ്ടാൽ
എല്ലാ കഠിന ഹൃദയരും
അറിയാതെ ഒന്ന്
പുഞ്ചിരിക്കും...
അതാണീ പുഷ്പങ്ങൾ തൻ
രഹസ്യ മന്ത്രം...........

ജീന മോൾ ഫ്രാൻസിസ്



## എവിടെ നിങ്ങൾ ?

പൊഴിയുന്ന ഇലയിലും വിടരുന്ന പൂവിലും
നൂറുന്നൂ
കഥകൾ നെയ്തിട്ടുണ്ടേ..
ഈ സുന്ദരമാം പ്രകൃതിയിൽ
വസിപ്പാനെന്തൊരു ഭാഗ്യമാണീശാ ഞാൻ ചെയ്ത്?
കളകളം പാടുമീപുഴകളും മർമ്മരം പാടുമീ ഇലകളുംതാരാട്ടു പാടുന്നേ എന്നും
എന്നാലെന്തിനു മനുജൻ  മുറിപ്പെടുത്തുന്നുഎൻ പ്രകൃതിയെ
എവിടെയിന്നു പുഴകൾ?
എവിടെയിന്നു മലകൾ?
എല്ലാമിന്നൊരു കിനാവു പോലെയെൻ
അന്തരംഗത്തിൽ തെളിഞ്ഞിടുന്നു..
ക്രൂരമാം ഈ സാഹസം ചെയ്തതാരാണോ?



ജിവിന ഡി

## *MY MOTHER*



**My mother cooks for me.**

**She combs my hair.**

**She has pretty dark black hair.**


**I Love her and she loves me.**

**I am proud of my mother.**

**She is very beautiful.**

**I LOVE her.**

**Thanooja K Thiyophin**



# പ്രഭാതത്തിലെ കാഴ്ചകൾ....

പൊട്ടി വിടർന്ന പ്രഭാതം കിഴക്കു തീ
ഉയരുന്ന വീരനാം സൂര്യനും
അത് ധരണിക്കേകുന്ന
ആനന്ദമാഹ്ലാദവും..

ഉയരുന്നിതാ ഉണരുന്നിതാ
പ്രകൃതി പൊഴിക്കും കൂജനങ്ങൾ
അതിൽ അലിയാം ഒന്നായി
ആസ്വദിക്കാമീ പ്രഭാത സൗന്ദര്യവും.........

നടപ്പാത തിടുക്കത്തിൽ താണ്ടിടും
മർത്യന്റെ പാദമത് തേഞ്ഞുവോ...?
മൺകുടം നിറച്ച് ചടുലമാം ചുവടുമായി
പായുമീ കന്യകകളുടെ
വിശ്രമം ഇന്നൊരു ഓർമ്മയോ....?
മാറുമീ പ്രകൃതി ഓരോ നിമിഷവും
അത് നന്മക്കായി ഭവിക്കണെ ഭവാനേ........

*ജ്യോതിക കെ ആർ*

# ഒരമ്മയുടെ സ്വപ്നം



അവൻ കരയുകയായിരുന്നു. ആ കണ്ണുനീരിന്റെ ഓരോ തുള്ളിയിലും അവന്റെ അമ്മയുടെ സ്വപ്നസാക്ഷാത്ക്കാരം ഉണ്ടായിരുന്നു. എന്നാൽ അവന്റെ അമ്മ അവനെ വിട്ടു പോയിരുന്നു. പഴയ

കൊച്ചി നഗരം. പുറം പോക്കു ഭൂമിയിൽ ചെറ്റകുടിലില് വസിച്ചിരുന്ന പട്ടിണിയുടെ നാളുകൾ. മുട്ടിലിഴയാൻ തുടങ്ങിയ കാലം മുതൽ കാണുന്നതാണ് അമ്മയുടെ കഷ്ടപ്പാട്. അമ്മയെ സഹായിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ പ്രായം ഒരു വിലങ്ങുതടിയായിരുന്നു. എന്നാൽ കുറച്ചു കാലം കഴിഞ്ഞപ്പോൾ അമ്മ പഠിക്കാൻ പറഞ്ഞുവിട്ടു. എന്നാൽ ദാരിദ്ര്യം മൂലം പഠനം സ്വപ്നങ്ങളിൽ മാത്രമായി. വളരെ വൈകിയാണ് അറിഞ്ഞത്. അമ്മയ്ക്കെന്തോ അസുഖമാണെന്ന്. ഒരു നാൾ അമ്മ ചോര ഛർദ്ദിച്ചു. മരിക്കുന്നതിന് മുൻപ് അമ്മ ഒന്നേ പറഞ്ഞുള്ളൂ. മരിക്കുന്നതിന് മുൻപ് ഒരു പണക്കാരനായി മരിക്കണം. നിന്റെ പിന്നിൽ ആയിരം പേരുണ്ടെന്ന ധൈര്യം നിനക്കുണ്ടെങ്കിൽ നിനക്കും ഒരു യുദ്ധം ജയിക്കാനാകും. അമ്മ പറഞ്ഞതിന്റെ അർത്ഥം അന്ന് മനസ്സിലായില്ല. എന്നാൽ ഇന്ന് എല്ലാമൊരു നിമിത്തമായിരുന്നു തോന്നുന്നു. കാരണം അമ്മ പറഞ്ഞതിന്റെ അർത്ഥം അന്വേഷിക്കുന്ന വഴിയിലാണ് എന്റെ സാധ്യതകൾ തുറന്നത്. അമ്മയെ മനസ്സിൽ ധ്യാനിച്ച് നന്നായി തുടങ്ങി. അമ്മയുടെ ചിരിക്കുന്ന മുഖം എന്നുമെന്റെ ഉള്ളിലുണ്ട്. അത് എനിക്ക് ആത്മവിശ്വാസം നേടി തന്നു. ഇന്ന് അമ്മയുടെ മരണത്തിന് കാരണക്കാരനായ ആ വില്ലൻ രോഗത്തിന് ഞാൻ മരുന്ന് കണ്ടുപിടിച്ചപ്പോൾ, ഒരുപാട് പേരുടെ ജീവൻ രക്ഷിക്കാനായപ്പോൾ ഞാൻ മനസ്സിലാക്കി. അമ്മ പറഞ്ഞ യുദ്ധം നമ്മുടെ എല്ലാം ജീവിതമാണ് എന്ന്.

വളരെവൈകിയാണെങ്കിലും ഞാൻ ഒരു സത്യം മനസ്സിലാക്കി. ഈപ്രപഞ്ചത്തിലെ ഏറ്റവും വലിയ പോരാളി നമ്മുടെയൊക്കെ അമ്മമാരാണ്.....

അബി ആർ

# THOUGHT of a LITTLE ROSE



Aha! Lovely cute rose
gave delight to all
with a marvellous
fragrance......
standing alone
in a garden....

Hey rose are you sad?
Why are you gloomy?
tell me tell me dear
I will help you

Hey dear friend
hear my sadness
do you know
Why I am sad
hear me little friend....
O k O k cute baby
tell me it
I am ready to
hear your sadness

Aha little friend
the cruel humans
pluck me tomorrow
for someone....
Oho little rose
I shall gave you advice
do you hear me?
It's a top secret
Tell me it
What's your advice
it may give me
happiness in my death time
Our duty is to
gave happiness for someone
Don't be sad
It's your duty
make proud of it...

*Abhirami T K*

# ഒരാത്മാവിന്റെ നിഴലുകൾ



ഒരു വിശാലമായ ഭൂപ്രദേശം. ഏകാന്തതയുടെ മടിയിൽ തല ചായ്ച്ചു നിൽക്കുന്ന വൻ വൃക്ഷങ്ങൾ. തോളോടു തോൾ ചേർന്നു നിൽക്കുന്ന വലിയ കെട്ടിടങ്ങൾ. ഇവയ്ക്കെല്ലാം നടുവിൽ ഒരു ചെറിയ ഗ്രാമം. ആ ഗ്രാമത്തിലാണ് അവൾ ജീവിക്കുന്നത്. അതെ അവൾ തന്നെ അശ്വതി. അവൾക്ക് അമ്മയില്ല. ജീവിതം മുഴുവനും ഒരു തീരാ വേദനയായി അവൾക്ക് മാറുകയായിരുന്നു. ജീവിതത്തിൽ ഒട്ടേറെ സ്വപ്നങ്ങളും ആഗ്രഹങ്ങളുമായി ജീവിച്ചവൾ. പക്ഷെ വർഷാവസാനം വരെ ബോർഡിങ്ങിൽ ജീവിക്കേണ്ടി വന്ന നാളുകൾ...അവൾക്കത് വലിയ ഭാരമായിരുന്നു. തന്നെ സ്നേഹിക്കാനോ മനസ്സിലാക്കാനോ തനിക്ക് സ്നേഹിക്കാനോ ആരും ഉണ്ടായിരുന്നില്ല എന്നത് അവളെ വല്ലാതെ അലട്ടിയിരുന്നു. അങ്ങനെ വർഷങ്ങളും മാസങ്ങളും കഴിഞ്ഞു.അവളുടെ ജീവിതത്തിലെ പുതിയ സ്വപ്നങ്ങൾ തുടങ്ങുകയായി. താൻ സ്നേഹിക്കുന്ന തന്നെ സ്നേഹിക്കുന്ന ഒരാളെ കിട്ടുമെന്ന് അവൾ പ്രതീക്ഷിച്ചു. തന്റെ നിരാശകൾ പങ്കുവെയ്ക്കാൻ അവൾ ഒരാളെ കണ്ടെത്തി. ജീവിതത്തിൽ തോൽക്കരുതെന്ന ദൃഢനിശ്ചയമെടുത്ത അവൾ ഓരോ ക്ലാസ്സും വിജയിച്ച് 10ാം ക്ലാസ്സിലെത്തി. അയാളോട് ഒന്ന് മിണ്ടാൻ പോലും സാധിച്ചില്ലല്ലോ എന്ന വിഷമം അവളെ വിടാതെ പിടികൂടി. തന്റെ ബെസ്റ്റ് ഫ്രണ്ടിനോട് അവൾ എല്ലാം തുറന്നു പറഞ്ഞിരുന്നു. അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒന്നായി. നാളുകൾ കടന്നു. തന്റെ ജീവിതത്തിന്റെ താളം തെറ്റുന്നതായി അവൾക്ക് അനുഭവപ്പെട്ടു. കൺമുൻപിൽ എല്ലാം എരിഞ്ഞടങ്ങുന്ന തോന്നൽ. ആ നെഞ്ചിൽ അതൊരു കനലായി എരിയുകയാണ്. വർഷങ്ങളോളം പഴയ ഓർമ്മകളിൽ അവൾ ജീവിച്ചു. തളരാതെ പിടിച്ചുനിന്നു എന്നെങ്കിലും തിരിച്ചു വരുമെന്ന പ്രതീക്ഷയിൽ..അവളുടെ അവസാന ശ്വാസവും നിലയ്ക്കുകയാണ്....ആ കണ്ണുനീരിന്റെ അർത്ഥം എല്ലാവർക്കും അന്യമായി. ജീവിതത്തിൽ ആശിച്ചതെല്ലാം വിട്ടുകൊടുത്ത് അവൾ പോയി....ആർക്കും പിടികൊടുക്കാതെ. അവളുടെ കണ്ണുകൾ തുറന്നിരിന്നു. *ആർക്കോ വേണ്ടി കാത്തിരിക്കുന്ന പോലെ.....*

*അഞ്ജിത രാജൻ*

# നാക ലോകം




ആഗ്രഹിക്കുന്നതെല്ലാം നടക്കണമെന്നില്ല
സോദരെ കാരണം എന്താണ്?
ജീവിതം നമ്മുടെ കൈയ്യിലല്ല
നമ്മുടെ കൈയിലെങ്കിലത്
ജീവിതമല്ല...

പാരിലെ ജീവിതം നാഥന്റെ
കൈയിലമർന്നവല്ലോ......
ഇഹലോക ജീവിതം
അനശ്വരമാണ്.....
നാഥന്റെ പക്കലല്ലോ
യഥാർത്ഥ നാളുകൾ

ആകയാൽ സോദരെ
നന്മകൾ ചെയ്യുക
എങ്കിലീ ലോകവും
നാക ലോകമായി മാറിടും......

**സിന്ദൂര കൃഷ്ണ**

# ഏഴു കൂട്ടുകാർ




ഏഴുമൊന്നിച്ചു പോകുന്നുണ്ടേ..
ഏഴുമൊന്നിച്ചു ചേരുന്നുണ്ടേ...
ഏഴുമീയുലകിലുയർന്നു പാറുന്നുണ്ടേ...
ഏഴു വർണ്ണ പട്ടം പോലെ.
ഏഴു വർണ്ണങ്ങൾ ചേർന്നാൽ
വാനിൽ വിരിയും മഴവില്ല്
അതുപോലേഴു പേരും കൈകോർത്താലെ
വിരിയണ മഴവില്ലുപോലാണേ...

എല്ലാരും ഒന്നാണേ..
ചേർന്നുള്ള ചങ്കാണേ..
നീയെന്നോ ഞാനെന്നോ
നോക്കാറില്ലാ....
ഒന്നായിയൊന്നായി ഉയരാമിയുലകത്തിൽ
വിജയത്തിൻ ചെങ്കൊടി പറത്തീടാം..

കടമ്പകൾ കടക്കാനും
കുരുക്കുകൾ അഴിക്കാനും
ഏഴുപേരൊന്നിച്ചു പൊരുതാറുണ്ടേ
അവർ പൊരുതുന്നതു കാണുമ്പോൾ
തോന്നാം നമുക്കെല്ലാർക്കും
ഒന്നായിയൊന്നായി പൊരുതീടാനും...

ഇനിയെല്ലാ ദിനങ്ങളിലും
ഒന്നായി പൊരുതീടാൻ ഈ ഏഴു പേരുമുണ്ടാകട്ടെ.....

സുബിത ഇ



# മടിയുടെ ഫലം

ഒരു വിശാലമായ ഗ്രാമത്തിന്റെ കഥ. ഗ്രാമത്തിന്റെ ഒത്ത നടുവിലായി ഒരു പുഴയുണ്ടായിരുന്നു. അവിടെ രണ്ടു താറാവുകൾ ജീവിച്ചിരുന്നു. മിക്കുവും മിന്നിയും. ഒരിക്കൽ മിന്നി പുഴയിൽ വന്ന അമ്മ താറാവിനെയും അതിന്റെ കുഞ്ഞുങ്ങളെയും കണ്ടു. കുഞ്ഞുങ്ങളെ കാണാൻ നല്ല ഭംഗിയായിരുന്നു. അതുകണ്ട് മിന്നിക്കും കുഞ്ഞുങ്ങൾ വേണമെന്ന് തോന്നി. അവൾ എല്ലാ ദിവസവും ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ ഇരിക്കെ മിന്നിക്കു എന്തോ അസ്വസ്ഥത തോന്നി. അവൾ വിശ്രമിച്ചു. അൽപ്പം നേരം കഴിഞ്ഞ് അമ്മ താറാവ് മിന്നിയെ കാണാൻ വന്നു. അമ്മ താറാവിന് കാര്യം മനസ്സിലായി. മിന്നി ഒരമ്മയാകാൻ പോകുന്നു. ഇതറിഞ്ഞ മിന്നിക്കു സന്തോഷമായി. അവൾ ദൈവത്തിന് നന്ദി പറഞ്ഞു. മാസങ്ങൾക്കു ശേഷം അവൾക്കു മൂന്നു കുഞ്ഞുങ്ങൾ ഉണ്ടായി. നല്ല തുടുത്ത താറാവിൻ കുഞ്ഞുങ്ങൾ. എല്ലാ താറാവുകളും മിന്നിയെ കാണാൻ വന്നു. എന്നാൽ മിന്നിയുടെ മനസ്സിൽ ഒരു സങ്കടം നിറഞ്ഞുനിന്നിരുന്നു. കുഞ്ഞുങ്ങൾക്കു എന്തു പേരു നൽകും. അപ്പോഴാണ് മിക്കു കുഞ്ഞുങ്ങൾക്കു പേരുമായി വന്നത്. ചിന്നു, മിന്നു, കുട്ടു. ചിന്നുവും മിന്നുവും മിടുക്കരായിരുന്നു. എന്നാൽ കുട്ടു മടിയനായിരുന്നു. ഒരിക്കൽ മിന്നി കുഞ്ഞുങ്ങളെയും കൊണ്ട് നീന്താൻ പോയി. മിന്നുവും ചിന്നുവും നീന്താൻ വേഗം പഠിച്ചു. എന്നാൽ കുട്ടു മടിപിടിച്ച് പുഴയുടെ തീരത്ത് നിന്നു. മിന്നിക്ക് ഇതു കണ്ട് സങ്കടം തോന്നി. അവൾ കരഞ്ഞു. ഒരിക്കൽ ഒരു കുറുക്കൻ കിട്ടുവിനെ പിടിക്കാൻ വന്നു. കിട്ടു ഓടി. ഓടിയോടി പുഴയുടെ അടുത്തെത്തി. പുഴയിലേക്ക് ചാടാൻ പറ്റില്ല. കാരണം കുട്ടു വളരെ ചെറുതാണ്. അതൊന്നും ഓർക്കാതെ അവൾ എടുത്ത് ചാടി. കുറുക്കൻ ഓടി പോയി. എന്നാൽ നീന്താനറിയാത്ത കുട്ടു പുഴയുടെ ഒഴുക്കിൽ ഒഴുകി മറഞ്ഞു.

*നിവ്യ സാബു*



# *The Beautiful Moment In My Life*

*Water drops fell on my face*
*I felt very happy*
*And I was waiting for it......*

*WOW! The dawn is*
*most beautiful*
*than anything.....*

*Birds woke up early*
*To feed their kids*
*Like us...........*

*And sun is*
*sleeping now*
*seeing a dream.....*
*It's a good feelig...*
*OH" My God*
*It has gone..............*



**Ashly M JosePrakash**



# *MY TEACHER*

One day Tom was angry with family and walk to the school. He was studying in 9nth class. One day Tom was in sad in the class. Teacher asked him.

"Tom what happen to you? Why are you crazy in your studies? In the first of this year you are the best student in this class".

He said:

"Teacher my mother was angry to me but not to my sister".

Tom, "you are in adolescence period. So you cannot accept the advice from anyone. It's your age behaviour. But we want to try to accept it. Because mother was telling for your good life". said teacher.

That day on words he was starting to respect his family members and take the advice also. Later he became the school topper.

Some years ago he got a good job. And he went to the teacher's house. That day Tom said that

"Teacher your words made me today in such a good position".

➔ ***Adolescence period behaviour make our life to good and bad.***

*Athosha Maria Benny*

# തളരുന്ന കൃഷിയും കിതക്കുന്ന കേരളവും



തങ്ങളുടെ വിയർപ്പും അധ്വാനവും കൊണ്ട് നാടിനെ സുഗന്ധഭൂമിയാക്കിയ ലക്ഷക്കണക്കിനു കർഷകരുടെ നാടാണ് കേരളം. കാർഷികമേഖലയായിരുന്നു ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ അടിത്തറ. മണ്ണിൽപണിയെടുക്കുന്ന മനുഷ്യനും അതിലൂടെ നേടുന്ന സമൃദ്ധിയും കേരളീയജീവിതത്തെ അർത്ഥവത്താക്കിയിരിക്കുന്നു. നെൽവയലുകളും തെങ്ങിൻതോപ്പുകളും നിറഞ്ഞ കേരളീയപ്രകൃതിയെ കവികൾ പോലും വാഴ്ത്തി. ആരോഗ്യമുള്ള ശരീരവും ആനന്ദമുള്ള മനസ്സുമായി നാനാജാതിമതസ്ഥർ ഇവിടെ ജീവിച്ചു. കേരളത്തിലെ ഹരിതവിപ്ലവം കാർഷികമേഖലക്കു പുത്തൻ ഉണർവേകി.

എന്നാലിന്നോ?

ആധുനികവികസനകങ്ങളുടെ പേരിൽ നാം കൃഷിയെ ഉപേക്ഷിച്ചു തുടങ്ങിയിട്ട് കുറച്ചുകാലമായി. ആഹാരത്തിനുതകുന്ന ഭക്ഷ്യവിളകൾ ഒഴിവാക്കി പണം കായ്ക്കുന്ന വാണിജ്യചുവടുമാറ്റമാണ് ആദ്യം നടത്തിയത്. നെൽവയലുകൾ നികത്തി പലതരം ലാഭകൃഷിയിലേക്ക് തിരിഞ്ഞുനാം അരിയാഹാരം കഴിക്കണമെങ്കിൽ തമിഴ്നാട്ടിൽനിന്നും അരിലോറികൾ വരണമെന്നായി. വീടിനുചുറ്റും കൃഷിചെയ്ത് വീട്ടാവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കിയിരുന്ന മലയാളികൾ എല്ലാത്തിനും സൂപ്പർമാർക്കറ്റുകളിലേക്ക് പോകാൻ തുടങ്ങി.

അന്യസംസ്ഥാനത്തുനിന്നു വരുന്ന വിഷം നിറഞ്ഞ പച്ചകറികളും പഴങ്ങളും നമ്മെ നിത്യരോഗികളാക്കുന്നു. പച്ചപരിഷ്കാരികളായ നമുക്ക് കൃഷിയും കൃഷിക്കാരും

അപമാനചിഹ്നങ്ങളായി. നാടെങ്ങും പടർന്നുപന്തലിക്കുന്ന കോൺക്രീറ്റ്കൃഷി മാത്രമായി മലയാളിക്കു ബാക്കി. എല്ലാം വിപണിയിൽനിന്നു വാങ്ങി സമ്പാദ്യവും ആരോഗ്യവും നഷ്ടപ്പെട്ട അവസ്ഥയിലാണ് ഇന്നു കേരളം.



തുണ്ടു തുണ്ടു ഭൂമിയിൽ പോലും വീടുണ്ടാക്കി താമസിക്കാൻ ആളുകൾ മത്സരിക്കുമ്പോൾ കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നു. കർഷകർ തൊഴിലന്വേഷിച്ചു മറ്റു മേഖലകളികളിലേക്ക് പോകുന്നു.

നമുക്കു തിരിച്ചുപോയേ പറ്റൂ....കാർഷികസംസ്കൃതിയുടെ നല്ലപാഠങ്ങൾ മടങ്ങിവരുകതന്നെ വേണം. കൃഷിയും കാർഷികഉല്പന്നങ്ങളും ഓരോ നാടിന്റെയും സമ്പത്താണ്. ഉല്പന്നങ്ങളുടെ താണുവില നീക്കംചെയ്തും തരിശായി കിടക്കുന്ന കൃഷിഭൂമി പ്രയോജനപ്പെടുത്തിയും രാജ്യത്തിന്റെ കാർഷിക പ്രതിസന്ധി കുറയ്ക്കാൻ നമുക്ക് കഴിയണം. ജൈവകൃഷി പ്രോത്സാഹിപ്പിച്ചും നാടൻ വിത്തിനങ്ങൾ സൂക്ഷിച്ചും കൃഷിക്കുവേണ്ടി ഒറ്റപ്പെട്ട ശ്രമങ്ങൾ മാധ്യമങ്ങളിൽ കാണാറുണ്ട്. വിദ്യാലയങ്ങൾ ഏറ്റെടുക്കുന്ന കൃഷിപ്പാടങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇത്തരം ചെറിയ മുന്നേറ്റങ്ങൾ വൻമുന്നേറ്റങ്ങളാണെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. കേരളത്തിൽ തകർന്നു തുടങ്ങിയ കാർഷികമേഖലയെ തിരിച്ചുപിടിക്കാൻ നമുക്കാവുന്നതെല്ലാം ചെയ്യാം.

***ജേക്കബ് തോമസ്***

# *Father of the computer*

## Charles Babbage



Charles Babbage is considered by some to be a 'Father of the computer'. Babbage is credited with inventing
the first mechanical computer that eventually led to more complex electronic design, though all the essential ideas of modern computer are to be found
in Babbage's analytical engine.

Parts of Babbage's incomplete mechanisms are on display in the science museum in London. In 1991 , a functioning difference engine was constructed from Babbage's original plans. The success of the finished engine indicated that Babbage's machine would have worked.

Sidhan Mohammad

# മിൽക്ക് ചോക്ലേറ്റ് ഉണ്ടാക്കിയാലോ ?



| | |
|---|---|
| എണ്ണ | : 3/4 കപ്പ് |
| പൊടിച്ച പഞ്ചസാര | : 1/4 കപ്പ് |
| കൊക്കോപ്പൊടി | : 3/4 കപ്പ് |
| പാൽപ്പൊടി | : 1/3 കപ്പ് |
| വാനില എസ്സൻസ് | : 1 ടീസ്പൂൺ |

**തയാറാക്കുന്ന വിധം**

ഒരു വലിയ സോസ്പാനിൽ ഒരു കപ്പ് വെള്ളം ഒഴിച്ച് അടുപ്പത്ത് വയ്ക്കുക. ഇതിലേക്ക് ഒരു സ്റ്റീൽ ചെരുവം ഇറക്കി വച്ച് അതിൽ എണ്ണ ഒഴിക്കുക. പഞ്ചസാരയും പാൽപ്പൊടിയും വാനില എസ്സൻസ്സും ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. നല്ല തിളക്കം വരുമ്പോൾ വാങ്ങുക. മിശ്രിതം എടുത്ത പാത്രം താഴെ ഇറക്കി വച്ച് ഒന്നു തട്ടുക(വായുകുമിളകൾ മാറാൻ). ആറിയ ശേഷം ബട്ടർ പുരട്ടിയ ഐസ് മോൾഡുകളിലേക്കോ,സിലിക്കോൺ മോൾഡുകളിലേക്കോ പകർന്ന് ഫ്രിഡ്ജിൽ രണ്ടു മണിക്കൂർ വയ്ക്കുക. പുറത്തെടുത്ത് വൃത്തിയുള്ളതും ഉണങ്ങിയതുമായ പ്ലേറ്റിലേക്ക് കമഴ്ത്തുക ഇവയ്ക്കു മീതെ 1/4 കപ്പ് പൊടിച്ച പഞ്ചസാര വിതറി കഴിക്കുക.

*ആൻസൺ ജോയ്സ്*

# നന്ദിയോടെ....................

ഞങ്ങളുടെ സൈബർ പേൾസ് മാഗസിന്റെ താളുകൾ ഇവിടെ അവസാനിക്കുകയാണ്. ഇതിനു വേണ്ടി പ്രയത്നിച്ചവർ അനവധിയാണ്.

ഈ സംരഭത്തിനായി ഞങ്ങൾക്ക് അവസരം ഒരുക്കി തന്ന ഞങ്ങളുടെ പ്രിയങ്കരിയായ ഹെഡ്മിസ്ട്രസ്സ് സി റെസ്, കൂടാതെ ഇതിന്റെ നിർമാണത്തിൽ മുഖ്യ പങ്കുവഹിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾ, ഇതിനായി തങ്ങളുടെ വിലപ്പെട്ട സമയം മാറ്റിവെച്ച് ഞങ്ങളോടൊപ്പം പ്രവർത്തിച്ച ഞങ്ങളുടെ മനുസാറും ജൂലിയ ടീച്ചറും, ഇതിനായി സഹകരിച്ച മറ്റു അദ്ധ്യാപകർ, അനദ്ധ്യാപകർ, മറ്റു വിദ്യാർത്ഥികൾ.............

എല്ലാത്തിനുപരി ഈ സംരഭത്തിനായി ഞങ്ങൾക്ക് ശക്തി പകർന്ന സർവേശനോട്

ഒരേയൊരു വാക്ക്.................

നന്ദി....................

ഏറെ സ്നേഹപൂർവ്വം

എഡിറ്റർ

Alphonsa High School Vakakkad

Moonnilavu   P O     PIN-686586

Ph :04822 286698 Mob :9744395846

E-mail: alphonsaghs@gmail.com

Little KITEs unit  Reg. No. LK 31074 / 2018

Pala  Educaational  District